**PRESIDENT:** The House will now continue the discussion on the Jenmi Kudiyan Regulation Amendment Bill.

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): സർ, ജന്മികുടിയാൻ നിയമത്തെ സംബന്ധിച്ചു ഇന്നു നടപ്പിലിരിക്കുന്ന റഗുലേഷനെ ഭേദഗതി ചെയ്യുന്നതിനായി കൂടിയ കാൺഫ്റൻസിൽ നിന്നും തയ്യാറാക്കീട്ടുള്ള നക്കൽബിൽ എനിക്കു കാണാൻ ഇടയായിട്ടുണ്ടു. ആ കാൺഫ്റൻസിൽ ഞാനും ഒരംഗമായിരുന്നു. അവിടത്തെ നടപടികളെ കഴിയുന്നത്ര ഞാൻ പരിശോധിച്ചു. അവിടത്തെ തീരുമാനം ജന്മിമാരുടെ സകല സങ്കടങ്ങളെയും പരിഹരിച്ചിട്ടുള്ളതാണു് എന്നു പറയാൻ ഞാൻ ഒരിക്കലും തുനിയുന്നില്ല. എന്നാൽ ഞാനുംകൂടി കാൺഫറൻസിലെ ഒരംഗമെന്ന നിലയിൽ സമ്മതിച്ചിട്ടുള്ള ഒരു നക്കൽ ബില്ലാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ ഞാൻ അതിനെ സമ്മതിക്കുന്നതിനു മറ്റു ചില കാരണങ്ങളുമുണ്ടു്.

ഇപ്പോൾ ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള തക്കം വളരെക്കാലമായിതുടങ്ങിയിരിക്കയാണു്. അതിനെ പരിഹരിക്കുന്നതിനു ഗവർമെൻറും മറ്റു ജനങ്ങളും പരിശ്രമിച്ചതിൻെറ ഫലമായിട്ടു് അതാതു കാലത്തു് അല്പസല്പം ചില പരിഹാരങ്ങൾ മാത്രം ചെയ്തുകൊണ്ടാണു് വരുന്നതു്. എന്നാൽ ഈ പരിഹാരം ചെയ്യുന്ന അവസരങ്ങളിലെല്ലാം ജന്മിമാരുടെ സങ്കടം ഏറ്റവും വർദ്ധിക്കുന്ന ഒരു നിലയിലാണു് തീർന്നിട്ടുള്ളതു്.

**MR. V. J. OOMMEN** (*Commerce and Industry, North*): കുടിയാന്മാരുടെ സങ്കടങ്ങളെല്ലാം പരിഹരിക്കപ്പെട്ട എന്നാണോ മെമ്പറുടെ അഭിപ്രായം?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): ഇങ്ങനെ ഓരോ പരിഹാരങ്ങളും ചെയ്യുന്ന കാലത്തു് കുടിയാന്മാക്കു ഗുണമുണ്ടായിട്ടുണ്ടെന്നുള്ളതിനു് അക്കാലത്തുള്ള കുടിയാന്മാരുടെ അനുമോദനരേഖകൾ കാണുന്നുണ്ടു്.

**MR. V. J. OOMMEN** (*Commerce and Industry, North*): രേഖകൾ എവിടെ കാണുന്നു?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): ഓരോ കാലത്തു് കുടിയാന്മാർ കൊടുത്തിട്ടുള്ള അനുമോദനപത്രങ്ങൾ പഴയ അച്ചടിയിൽ ഇന്നു കാണുന്നുണ്ടു്.

**MR. V. J. OOMMEN** (*Commerce and Industry, North*): അനുമോദനപത്രം ആക്കൊടുത്തു?

LIBRARY ARCHIVES Kerala Legislative Assembly

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): ഗവർമെൻറിനാണ കൊടുത്തത്. അന്ന കൌൺസിലും മറുമില്ലല്ലൊ.

**MR. A. S. DAMODARAN ASAN** (*Mavelikara cum Kartikapalli*): കുടിയാന്മാർ എല്ലാപേരും ക്രൂടി ചേർന്നാണോ അനുമോദനപത്രം കൊടുത്തിട്ടുള്ളത്?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): കുടിയാന്മാരുടെ കണക്കു ഞാൻ എടുത്തു നോക്കീട്ടില്ല. കുടിയാന്മാരുടെ ഭാഗത്തുനിന്നും കൊടുത്തതായി രേഖകൾ ഉണ്ട്.

**MR. A. C. KURIAKOSE** (*Minachil cum Devicolam*): കുടിയാന്മാർക്കു തീരെ ആനുകൂല്യമില്ലാതെയിരിക്കുമ്പോൾ അല്പം വല്ല ആനുകൂല്യവും കിട്ടുന്നതായാൽ അവർ ആഹ്ലാദം പ്രദർശിപ്പിച്ചു എന്നു വരുമോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): ക്രൂടുതൽ ആനുകൂല്യം കിട്ടണമെന്ന് ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ സ്വല്പം വല്ലതും കിട്ടിയാൽ അതു സന്തോഷം തന്നെയായിരിക്കും.

ഇങ്ങനെയാണ് ജന്മികുടിയാൻ കായ്ങ്ങൾ ഇവിടെ തുടർന്നുവന്നിട്ടുള്ളതു്. ഇതിൽ പ്രധാനമായിട്ടു നില്ക്കുന്നതു ആദായമാണ്. ജന്മിയായാലും കുടിയാനായാലും ഇരുക്രൂട്ടർക്കും അവരവർക്കു ക്രൂടുതൽ ആദായം കിട്ടണമെന്നു വിചാരിക്കുന്നതു് സ്വാഭാവികമാണല്ലൊ. കുടിയാൻ പ്രയത്നം ചെയ്തു് ഉണ്ടാക്കുന്ന ഫലങ്ങൾക്കു ക്രൂടുതൽ ആദായം കിട്ടണമെന്നു വിചാരിക്കുന്നതിൽ കുടിയാനേയൊ ജന്മം വസ്തുക്കളിൽ തങ്ങൾക്കു ക്രൂടുതൽ ആദായം കിട്ടണമെന്നു വിചാരിക്കുന്നതിൽ ജന്മിയേയൊ കുറ്റപ്പെടുത്താനില്ല. ഇതിനെ ഒന്നു ക്രമീകരിക്കണമെന്നുള്ള ഉദ്ദേശത്തോടു ക്രൂടി ഒരു കാൺഫറൻസു വിളിച്ചു ക്രൂട്ടുകയും ഒരു ബിൽ ഉണ്ടാക്കുകയും ചെയ്തു. എന്നാൽ ഈ ബില്ലിൽ ജന്മിമാരുടെ സങ്കടം ലവലേശം പരിഹരിച്ചിട്ടില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. കൂടിയുന്നതു യോജിച്ചു പോകണമെന്നുള്ള ഏകോദ്ദേശത്താലാണ് ജന്മിമാർക്കു് ഈ നിലവിലിരിക്കുന്ന പല അവകാശങ്ങളേയും വിട്ടുകൊടുത്തു് ഇതിൽ സമ്മതിക്കേണ്ടി വന്നതു്. അതിൽ മറ്റുള്ള ജന്മിമാർ ഞങ്ങളെ കുറ്റപ്പെടുത്തുന്നുമുണ്ടു്.

"നിങ്ങൾ ചെന്നു സമ്മതിച്ചിട്ടു വന്നതു കൊണ്ടാണു് ഈ തെറ്റൊക്കെ വന്നതു്. നിങ്ങൾക്കു ഇംഗ്ലീഷ് അറിഞ്ഞുകൂടാ, ഇങ്ങനെ സാധിക്കാത്ത കായ്ങ്ങളിൽ എന്തിനാണു് വലിഞ്ഞിഴഞ്ഞു പോയതു്?" എന്നൊക്കെ മറ്റു ജന്മിമാർ ഞങ്ങളെ കുറ്റപ്പെടുത്തി. വരുന്നുണ്ടു്. അതിലേക്കു ഞങ്ങൾ അവരോടു സമാധാനം പറഞ്ഞതു് ഇതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ ആദായത്തിനു കുറെ നഷ്ടം വന്നിട്ടുണ്ടെങ്കിലും ഒരു വലിയ തക്കം തീക്കുന്നതു നന്നായിരിക്കുമെല്ലോ എന്നാണു്. ഇതുകൊണ്ടു് കുടിയാന്മാർ തൃപ്തിപ്പെട്ടുമോ എന്നു അവർ ചോദിച്ചു. അവർ ആവശ്യപ്പെട്ടിട്ടുള്ളപ്രകാരം ഉള്ള നിബന്ധനകളൊന്നും ബില്ലിലില്ല. അതുകൊണ്ടു് അവരും തൃപ്തിപ്പെടുമെന്നു് ഞാൻ വിചാരിക്കുന്നില്ലെന്നും ഞാൻ സമാധാനം പറയുകയുണ്ടായി.

ഇന്നതന്നെ നിലവിലിരിക്കുന്ന റഗുലേഷനേയും ജന്മിമാരുടെ ഒരു ഫാ ഠ വർഷത്തിനുമുമ്പുള്ള സ്ഥിതികളേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം ജന്മിമാർ വളരെ താണുകൊണ്ടാണു് വരുന്നതെന്നു കാണാൻ പ്രയാസമില്ല. പിന്നെ കുടിയാന്മാരുടെ ഭാഗത്തുള്ള വാദവും പരമാർത്ഥമായ ഒന്നാണെന്നു് എനിക്കറിയാം.

**MR. ITTOOP ITTEECHAN** (*Kunnatnad*): ജന്മിമാക്കും കുടിയാന്മാക്കും ഉള്ള സങ്കടത്തിൽ ഈ ബില്ലുകൊണ്ടു് ഏതിനാണു് പ്രാധാന്യം കല്പിക്കുന്നതു്?

**MR. TUPPAN NAMPUTIRIPAD** (*Co-opted*) : ആദായം ശരിയായി ജന്മിമാക്കു കൊടുക്കണമെന്നുദ്ദേശിക്കുന്ന കുടിയാന്മാക്കു് യാതൊരു ദോഷവുമുള്ളതായിട്ടു് ഞാൻ വിചാരിക്കുന്നില്ല.

ജന്മിമാർ കുടിയാന്മാരെ പലപ്രകാരത്തിൽ ഉപദ്രവിക്കുന്നു എന്നു് ഒരഭിപ്രായം മറെറാഭാഗത്തിൽനിന്നും പുറപ്പെടുവിക്കയുണ്ടായി. അതു കേവലം ഒരു പ്ലാറ്റ് ഫാറത്തിൽനിന്നൊ അല്ലെങ്കിൽ പേപ്പറിലോ പറയാമെന്നല്ലാതെ യഥാർത്ഥത്തിൽ അതുകണ്ടു ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. റഗുലേഷനിൽ ഉപദ്രവകരമായ വല്ല സംഗതികളും കണ്ടേടത്തോളമെന്നല്ലാതെ ജന്മിമാർ ഉപദ്രവിക്കുന്നു എന്നു പറയുന്നവരോടു ഞാൻ അനുകൂലിക്കുന്നില്ല. നിയമപ്രകാരം ഉള്ളതിൽ കൂടുതലായിട്ടു് ഒരു ജന്മിയും ചോദിക്കുകയില്ല. ചോദിച്ചാൽ കിട്ടുകയുമില്ല. എന്നാൽ ഇന്നു നിലവിലിരിക്കുന്ന നിയമത്തിൽനിന്നും പല ദാക്ഷിണ്യങ്ങളും കുടിയാന്മാക്കു ചെയ്തിട്ടുണ്ടു്.

**MR. A. S. DAMODARAN ASAN** (*Mavelikara cum Karthikappalli*): ഈ ഭേദഗതിയിൽ എന്താണു് ദാക്ഷിണ്യം ചെയ്തിട്ടുള്ളതെന്നു പറയാമോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*) : ഇന്നു നിലവിലിരിക്കുന്ന നിയമത്തേയും ഈ ഭേദഗതിബില്ലിനേയും നോക്കുന്നപക്ഷം കുടിയാന്മാക്കു പല ദാക്ഷിണ്യങ്ങളും ചെയ്തിട്ടുണ്ടെന്നു കാണാം. ഇത്രത്തോളം അവകാശമാണു് ജന്മിമാക്കും കുടിയാന്മാക്കുമുള്ളതെന്നു് പ്രത്യേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

കമായി നിയമം ചെയ്യാതിരിക്കുന്നിടത്തോളം കാലം ഇന്നത്തെ നിയമം തന്നെ പ്രത്യേകം ഭാക്ഷിണ്യമാണെന്നു പറയാതിരിക്കാൻ നിവൃത്തി യില്ല.

ഇന്നത്തെ റഗുലേഷൻപ്രകാരം ജന്മിമാക്ക് വസ്തുഒഴിപ്പിക്കുന്ന തിന് നാലുകാരണങ്ങളുണ്ട്. വസ്തു ഒഴിപ്പിച്ചെടുക്കണമെന്നുള്ള ആഗ്ര ഹം സാധാരണജന്മിമാക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അപൂർവം ചിലകാരണന്മാരായ ജന്മിമാരും കണ്ടേയ്ക്കാം. ഈ നാല് കാരണങ്ങൾകൊണ്ട് വസ്തു ഒഴിപ്പിച്ചതു് എത്രയാണെന്നു നോക്കുന്നപ ക്ഷവും വളരെ ചുരുക്കമായിട്ടെ കാണുകയൊള്ളൂ. ഞാൻ കഴിഞ്ഞ കൌൺസിലിൽ മെംബർ ആയിരുന്നപ്പോൾ ഇതിനെപ്പറ്റി ഒരു ചോ ദ്യം ചോദിച്ചിട്ടുണ്ടായിരുന്നു. അതിനു ഗവണ്മെൻറു നൽകിയ മറുപ ടി തിരുവഴുത്തു വിളംബരം പാസ്സായശേഷം നാല്പത്തിനാലോ നാല്പ ത്തിഅഞ്ചോ കേസ്സുകൾ മാത്രമാണ് വസ്തു ഒഴപ്പിക്കാനുണ്ടായിട്ടുള്ളതെ ന്നാണ്. ഫറ കൊല്ലം ശേഖരമായിട്ടു മിച്ചവാരകുടിശികയുണ്ടായിരു ന്നാൽ മാത്രമേ ജന്മിക്കു വസ്തു ഒഴപ്പിക്കാൻ സാധിക്കയുള്ളൂ.

MR. ITTOOP ITTEECHAN (*Kunnatnad*) : ജന്മിമാർ സാധാരണവ സ്തുഒഴിപ്പിച്ചു മറെറാരാൾക്കു പാട്ടത്തിനു കൊടുക്കയാണോ, അതല്ല ജന്മി മാർതന്നെ അനുഭവിക്കയാണോ ചെയ്യുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): പഴയകാലത്തു് മറെറാ രാൾക്കു പാട്ടത്തിനു കൊടുത്തു വന്നിരുന്നു. എന്നാൽ ഇക്കാലത്തു് വ സ്തുഒഴിപ്പിച്ചു എടുത്തു കഴിഞ്ഞാൽ സ്വന്തം ദേഹണ്ഡത്തിനു ഉപയോ ഗിക്കുമെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ സ്വന്തമായി കൃഷിചെയ്യണമെന്നുള്ള മനസ്ഥിതി ജന്മിമാരുടെയിടയിൽ ധാരാളമായിട്ടു വന്നിട്ടുണ്ട്. എന്നാൽ വസ്തു ഞങ്ങൾക്കു കിട്ടുന്നില്ല. സർക്കാരിൽനിന്നും പതിച്ചു കൊടുക്കുന്ന ഭൂമികളും ഞങ്ങൾക്കു കിട്ടുന്നില്ല. ഈ നിലയിൽ ഞങ്ങൾക്കു കൃഷിമാത്രം അടഞ്ഞു തന്നെയാണ് ഇരി ക്കുന്നതു്.

MR. ITTOOP ITTEECHAN (*Kunnatnad*): മെംബർക്കു സ്വന്തമായിട്ടു കൃഷിയുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഉണ്ടു്.

MR. R. RAMAN PILLAI (*Kottayam*) : രഹസ്യംപറയുന്നതു പോ ലെ സംസാരിച്ചാൽ ഇവിടെ കേൾക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

**PRESIDENT** : നിങ്ങൾ പറയുന്നത് ഇവിടെ ആർക്കും കേൾക്കുന്നില്ലെന്ന ഒരു പരാതിയുണ്ട്. അതുകൊണ്ട് പറയുന്നത് ഉറക്കെ ആയിരിക്കണം.

**MR. ITTOOP ITTEECHAN** (*Kunnatnad*) : വെറും പാട്ടവസ്തുക്കൾ ഒഴിപ്പിച്ചു കൃഷി ചെയ്യുമോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*) : വിരോധമില്ല. എന്നാൽ വെറും പാട്ടവസ്തുക്കൾ ഒഴിപ്പിക്കുന്നതിൽ കുടിയാന്മാർക്കു വളരെ സങ്കടമുണ്ടെന്ന് എനിക്കു വിശ്വാസമുണ്ട്.

**MR. ITTOOP ITTEECHAN** (*Kunnatnad*) : വെറും പാട്ടവസ്തുക്കൾ ജന്മിമാർ ഇന്ന് ഒഴിപ്പിക്കുന്നില്ലയോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*) : ഉണ്ട്; എന്നാൽ അതിനു പ്രത്യേകമായിട്ടു ചിലകാരണങ്ങളും ഉണ്ടായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. സാധാരണപണ്ടാരവക വസ്തുക്കൾ അനുഭവിക്കുന്നതിനേക്കാൾ കൂടിയും പാട്ടക്കാരിൽനിന്നും വസ്തു ഒഴിപ്പിച്ച് കൃഷിചെയ്യുവരുന്നുണ്ട്. യഥാർത്ഥമായി കൃഷിചെയ്യുന്ന ആളുകൾക്കു വസ്തുവിൽ സ്ഥിരാവകാശമുണ്ടായിരിക്കണമെന്നുള്ള തത്വം ഞാൻ പൂർണ്ണമായി സമ്മതിച്ചിരിക്കുന്ന ഒന്നാണ്. അതു ധനശാസ്ത്രതത്വത്തിന്റേയും ഒരു പ്രധാനവശമാണ്.

**MR. A. C. KURIAKOSE** (*Minachil cum Devicolam*) : കാണപ്പാട്ടവസ്തുക്കൾ ഒഴികെ മറ്റുവസ്തുക്കളുണ്ടല്ലോ. ഈ വക വസ്തുക്കൾ ഒഴിപ്പിച്ചുകൂടാ എന്ന് ഇപ്പോഴത്തെ ഭേദഗതികൊണ്ടു വരുന്നുണ്ടോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*) : കാണപ്പാട്ടവസ്തുക്കളെ മാത്രമേ ഈ ഭേദഗതി ബാധിക്കുന്നൊള്ളൂ.

**MR. A. S. DAMODARAN ASAN** (*Mavelikara cum Kartikapalli*) : മേലാൽ അവയെക്കൂടി ഉൾപ്പെടുത്തുന്നതിൽ വല്ല തടസ്ഥവുമുണ്ടോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*) : അങ്ങിനെയുള്ള ജന്മം വസ്തുക്കൾ തനിച്ച് അതിൽ ഉൾപ്പെടുത്താൻ പാടില്ല. ജന്മിമാരുടെ വസ്തു ഒരു കുടിയാൻ കാണം ചാർത്തി വാങ്ങിച്ചുകൊണ്ടു മൂന്നാമതു് ഒരാളിനു് ആ വസ്തു പാട്ടത്തിനു കൊടുത്തു വരുന്നപതിവു സാധാരണയുണ്ട്. എന്നാൽ ഇതിൽനിന്നും വരുന്നതെന്തെന്നാൽ ഉടമസ്ഥാവകാശക്കാരനായ ജന്മിക്കോ വേലചെയ്യുന്ന കൃഷിക്കാരനോ കുറേശ വല്ലതും ആദായം കിട്ടുമെന്നല്ലാതെ ബാക്കിയുള്ള മുഴുവൻ ഈ ഇടയ്ക്കു നില്ക്കുന്ന ആൾ കൊണ്ടുപോകുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : വസ്തു പാട്ടത്തിൻ നൽകാത്തവരും ധാരാളമില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : യഥാർത്ഥത്തിൽ കൃഷി ചെയ്യുന്നവരുമുണ്ട്. പാട്ടത്തിനു കൊടുക്കുന്നവരുമുണ്ട്. കൃഷിക്കാരനു ഭൂമിയിൽ സ്ഥിരാവകാശം ഉണ്ടായിരിക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ പൂർണ്ണമായിട്ടു യോജിക്കുന്നുണ്ട്. എന്നാൽ ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെപ്പറ്റി കുടിയാന്മാരുടെ ഭാഗത്തുനിന്നും തന്നെ തൃപ്തികരമല്ലാത്ത അഭിപ്രായങ്ങളാണ് വന്നിട്ടുണ്ട്. ജന്മി മെംബരുടെ അഭിപ്രായവും തൃപ്തികരമായ നിലയിലല്ല. ഇതുവരെയായിട്ടും ഇരുകൂട്ടർക്കും തൃപ്തികരമായ ഒരു ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതും പ്രത്യക്ഷമാണ്. അതും കൊറ പ്രയാസമായിട്ടാണ് ഇരിക്കുന്നത്. അതായത് ഏതെങ്കിലും ഒരു ഭാഗത്തു ഗുണംവരണമെങ്കിൽ മറു ഭാഗത്തു ചില്ലറനഷ്ടവും അവകാശഭംഗവും ഉണ്ടാകാതെ സാധിക്കുന്നതല്ലല്ലോ.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): റവന്യൂ റക്കവറി റഗുലേഷൻ അനുസരിച്ചു ജന്മിമാരുടെ മിച്ചവാരകുടിശിക ഈടാക്കുന്നതിനു വ്യവസ്ഥ ചെയ്താൽ അതു ജന്മിമാക്കു ഗുണമോ ദോഷമോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതു സിവിൽകോർട്ടിൽനിന്നും കിട്ടുന്ന ആനുകൂല്യത്തെക്കാൾ കൂടുതൽഗുണമാണ് എന്നും എനിക്കുതോന്നുന്നില്ല. എന്നാൽ ഇതിനുമുമ്പു് പലേ അവസരങ്ങളിലും ഉണ്ടായിട്ടുള്ള കമ്മിറ്റി വിചാരണയിലും കമ്മിഷന്റെ റിപ്പോർട്ടിലും, റവന്യൂവായിട്ടു ഈടാക്കുന്നതു നന്നായിരിക്കുമെന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗവണ്മെൻറിനും കുടിയാന്മാക്കും അതു നല്ലതാണെന്നു് അഭിപ്രായം ഉണ്ടു്. ഗവണ്മെൻറു് റവന്യൂ പിരിക്കുന്നതിനു മുമ്പതലപ്പെട്ടിരിക്കുന്നവരുടെ മേൽ ഈ ഒരു ഭാരംകൂടി മുമ്പത്തിയാൽ കായ്മനടത്തിപ്പിനു ഹാനി സംഭവിക്കയില്ലയോ എന്നു സംശയവുമുണ്ടു്

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : സിവിൽകോർ മുഖാന്തിരം ഈടാക്കുന്നതിനേക്കാൾ റവന്യൂറക്കവറി റഗുലേഷൻ അനുസരിച്ചു് ഈടാക്കുന്നതായാൽ എളുപ്പം ഈടാകുമെന്നറിയാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഈടാകും.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : അപ്പോൾ അതു് ജന്മിമാക്കു് ഒരു ഗുണമല്ലയോ?

LIBRARY ARCHIVES Kerala Legislative Assembly

**MR. C N. TUPPAN NAMPUITIRIPAD** (*Co-opted*): എല്ലാം ഈടാക്കിക്കിട്ടുമെന്നൊരു ഗ്രണമുണ്ട്. എന്നാൽ ഇന്നത്തെ • ചട്ടമനുസരിച്ചു നോക്കിയാൽ പ്രവർത്തികാരന്മാരെ ... ണ്ട് ഈടാക്കുന്നതു് ... റെബുദ്ധിമുട്ടിനിടയാകും.

**MR. R. KESAVA PILLAI** (*Kottarakara cum Kunnattur*): സാധാരണ സിവിൽകോർട്ടുമുഖാന്തിരം ഈടാക്കുന്നതായാൽ എത്ര കാലതാമസം വേണ്ടിവരും?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): കാലം നിർണ്ണയിക്കാൻ തരമില്ല. ഹൈക്കോടതിയിൽതന്നെ ... കൊല്ലമായിട്ടും തീരാത്ത കേസുകളുണ്ട്.

**MR. R. KESAVA PILLAI** (*Kottarakara cum Kunnattur*): റവന്യൂ കോർട്ടുമുഖാന്തിരം ഈടാക്കുന്നതായാൽ ഒരു കാലതാമസം വേണ്ടിവരുമോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): വേണ്ടിവരികയില്ല.

**MR. T. C. KESAVA PILLAI** (*Kalkulam cum Vilavankod*): ഈ വകുപ്പിനെ നക്കൽബില്ലിൽനിന്നും എടുത്തുകളയുന്നതുകൊണ്ടു വിരോധമുണ്ടോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): ഇപ്പോഴും കടിശീഖ ധാരാളം ഉള്ളതുകൊണ്ട് കഷ്ടപ്പാടിനിടവരുന്നുണ്ട്. അതിനെ എളുപ്പം പിരിച്ചെടുക്കുന്നതിനു വേണ്ട വ്യവസ്ഥചെയ്യുന്നപക്ഷം ആ വകുപ്പ് എടുത്തുകളയുന്നതിൽ വിരോധമില്ല.

**MR. R. KESAVA PILLAI** (*Kottarakara cum Kunnattur*): ൯ വർഷത്തിൽ ക്രടാതെ മിച്ചവാരം കടിശീഖവരുത്തിയാൽ ... ശതമാനം പലിശകൊടുക്കുന്നതുക്രടാതെ ഒരു പെനൽട്ടിയും വച്ചിട്ടുണ്ട്. അതിനെപ്പറ്റി എന്താണെ പറയുന്നത്?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): ജന്മിമാക്ക് ഇന്നു നിലവിലിരിക്കുന്ന പലേ അവകാശങ്ങളും വിട്ടുകൊടുത്തിട്ടുണ്ട്. അതായത് വസ്തു ഒഴിപ്പിക്കാനുള്ള നാലു കാരണങ്ങളെയും ജന്മിമാർ ഉപേക്ഷിച്ചിരിക്കയാണ്. ഒരു വസ്തു തീറ് എഴുതികൊടുക്കയാണെങ്കിലും ഒരു പ്രതിഫലം വാങ്ങിക്കാറില്ല. അങ്ങിനെ ജന്മിമാരുടെ അവകാശം വിട്ടുകൊടുത്തതിനുള്ള പ്രതിഫലമാണ് ഈ പിഴ. ഇങ്ങനെ ഒരു പിഴ നിശ്ചയിക്കുന്നതുകൊണ്ടു മിച്ചവാരം സമയത്തുതന്നെ കൊടുക്കാൻ കുടിയാനവനു ജാഗ്രതയുണ്ടാകും. മുന്നൂറുകൊല്ലം ശേഖരമായി മിച്ചവാരം കുടിശീഖയിടുന്ന ആളുകളെ മാത്രമെ ഇതു ബാധിക്കയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

**MR. R. KESAVA PILLAI** (*Kottarakra cum Kunnattur*): അതു് സാധാരണ പലിശയെക്കാൾ കൂടുതൽ വേണമെന്നുണ്ടോ?

**MR. C. N. THUPPAN NAMPUTIRIPAD** (*Co-opted*): അതു പലിശയല്ല.

**MR. R. KESAVA PILLAI** (*Kottarakara cum Kunnattur*): കൂടുതലായിട്ടു് ഒരാദായം കിട്ടുന്നുണ്ടെന്നു സമ്മതിക്കുന്നുണ്ടല്ലോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): ഉണ്ടു്.

**MR. V. J. OOMMEN** (*Commerce and Industry, North*): ഓലപ്പുന്നം, ഒപ്പുസൂചി, ഓണക്കാഴ്ച ഇതെല്ലാം മേലാലും വച്ചുകൊണ്ടിരിക്കണമെന്നു് അഭിപ്രായമുണ്ടോ?

**PRESIDENT**: Mr. Oommen, it is not necessary to proceed to discuss all the details of the amendment till. You are asking him questions on each of the amendments that have been suggested by the Round Table Conference. This is not the stage for that. Mr. Namputiripad, നിങ്ങൾക്കു പറയാനുള്ളതു പറയുക.

**MR. C. N. TUPPAN NAMPUTIRIPAD** (*Co-opted*): ജന്മിയുംകുടിയാനും തമ്മിൽ യോജിക്കണമെന്നുള്ള ഒരു തത്വമാണു് കാൺഫറൻസു് സ്വീകരിച്ചിരുന്നതു്. അതിൽ ഇരുകൂട്ടരും അവരവരുടെ അവകാശങ്ങളെ ഏറക്കുറെ വിട്ടുകൊടുത്തിട്ടുണ്ടു്. എന്നാൽ ഈ ഭേദഗതിബില്ലുകൊണ്ടും ജന്മിമാക്കും കുടിയാന്മാക്കും സങ്കടം തീർന്നില്ലെന്നു കാണുന്നതുകൊണ്ടു് ഇതിനെ ഒരു സിലക്ടുകമ്മിറ്റിയിൽ അയച്ചു വേണ്ട ഭേദഗതി ചെയ്തു് ഒരു നക്കൽ ബിൽ വരുത്താമെന്നു് പല മെംബർമാരും ഇവിടെ അഭിപ്രായപ്പെട്ടു. അങ്ങിനെവരുമ്പോൾ സിലക്ടു് കമ്മിറ്റിയിൽ ഒരു ഭാഗംകൂടി നല്ലവണ്ണം ആലോചിക്കണം. സിലക്ടു് കമ്മിറ്റിയിലുള്ള ജന്മിമാരും കുടിയാന്മാരുമായ അംഗങ്ങൾ തുല്യമായിരിക്കണം. നിഷ്പക്ഷനിലയിലുള്ള ഒരു പ്രസിഡൻറും ഉണ്ടായിരിക്കണം. ഇതു പറയുമ്പോൾ ഒരു ഭാഗംകൂടി എന്റെ ഓർമ്മയിൽ വരുന്നു. കാൺഫറൻസിൽ കുടിയാൻ മെംബർമാർ കുറവായിരുന്നു എന്നും ജന്മിമെംബർമാർ കൂടുതലായിരുന്നു എന്നും ഒരു അഭിപ്രായം ഇവിടെ വരികയുണ്ടായി. ഈ കൗൺസിലിലും ഒരു ജന്മി മെംബർ ഉണ്ടു്. ഇവിടെ നടക്കുന്ന നടപടിനോക്കിയാൽ കുടിയാൻപക്ഷത്തു വാദിക്കുന്ന ആളുകൾ ധാരാളമുണ്ടെന്നു കാണാം. അതുകൊണ്ടും കാൺഫറൻസിൽ ഉണ്ടായിരുന്ന മെംബർമാർ അധികവും കുടിയാൻഭാഗത്തുള്ളവരായിരുന്നു എന്നു് ഓർമ്മിച്ചാൽകൊള്ളാം ഒരു കാൺഫറൻസു കൂടണമെന്നും അതിൽനിന്നും ഒരു ജന്മികുടിയാൻ ബിൽരൂപീകരിക്കണമെന്നും അന്നത്തെ നിയമസാല്യൂക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടപ്പോൾ കുടിയാൻ മെംബർമാരെ ഈ കൗൺസിലിൽ നിന്നുംതന്നെ തിരഞ്ഞെടുത്തുകൊള്ളാമെന്നു പ്രസ്താപിച്ചു. അതുപോലെ രണ്ടു ജന്മിമെംബർമാരെക്കൂടി ഈ കൗൺസിലിൽനിന്നുംതന്നെ തിരഞ്ഞെടുക്കുമായിരുന്നു. എന്നാൽ ഇവിടെ ഒരു ജന്മി മെംബറെയൊള്ളൂ. അതുകൊണ്ടു് അതു സാധിക്കാതെയാണു വന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതു് ഈ കൗൺസിലിന്റെ കുറവെന്നാണൊ മെംബർ വിചാരിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതു കൗൺസിലിന്റെ കുറവല്ല. കൗൺസിൽ ഒരുവേള അനുവദിച്ചാൽത്തന്നെയും ജന്മിമെംബറെ കിട്ടാൻ സാധിക്കയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): കൗൺസിലിനു പുറത്തുനിന്നും ആളുകളെതിരഞ്ഞെടുക്കാൻ അധികാരം കൊടുത്തിട്ടുണ്ടെന്നറിയാമോ ?

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഉണ്ടു്. അതനുസരിച്ചു തിരഞ്ഞെടുക്കയും ചെയ്തിട്ടുണ്ടു്. നിവൃത്തിയുള്ളിടത്തോളം നിഷ്കൃഷ്ടമായനിലയിൽ ഉള്ള ഒരു സിലക്ട് കമ്മിറ്റി ഏർപ്പെടുത്തി ഈ സംഗതിയെപ്പറ്റി ആലോചിക്കുന്നതു നന്നായിരിക്കുമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

At this stage the President left the Hall and the Deputy President presided.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : സർ, ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ജന്മികുടിയാൻ ഭേദഗതിബില്ൽ വായിച്ചുനോക്കിയതിൽ, കാണപ്പാട്ടംവഴിജന്മിയുംകുടിയാനുമായിട്ടുള്ളബന്ധത്തെമാത്രം കാണിക്കുന്ന ഒന്നാകയാൽ ഇതിനു ജന്മികുടിയാൻ കാണപ്പാട്ടബില്ൽ എന്നു പ്രത്യേകമായി നാമകരണം ചെയ്യേണ്ടിയിരിക്കുന്നുഎന്നു തോന്നുന്നു. കാരാണ്മ, ഇറക്കാരാണ്മ, അടിമ, തിരുവിളംമുതലായ ജന്മവസ്തുക്കളെസംബന്ധിച്ചു് കുടിയാനവനുള്ള ബന്ധങ്ങളെപ്പറ്റിയാതൊന്നും ഈ ബില്ലിൽ പ്രസ്താവിച്ചുകാണുന്നില്ല.

ബില്ലിൽ 8-ാം അദ്ധ്യായം 72-ാം വകുപ്പിൽ ചേർത്തിരിക്കുന്ന വിവരണത്തിൻപടി വിഭജിച്ചു് അന്യാധീനപ്പെടുത്തിൽ പോയിട്ടുള്ള വസ്തുക്കളുടെ ജന്മിക്കരം മുൻ കൈവശക്കാരിൽനിന്നും ഈടാക്കാൻജന്മിക്കുണ്ടാക്കിക്കൊടുക്കുന്ന സൌകര്യം കുടിയാനു പലവിധത്തിൽ ഉപദ്രവത്തിനു കാരണമാണു്. നായർ റസ്റ്റ്രേഷൻ, ഈഴവാറസ്റ്റ്രേഷൻ ഇവകൊണ്ടും മ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tamarapallil Kochutomman.]

റും വസ്തു വിഭജനം സാധാരണമായിതീന്നിരിക്കുന്ന ഇക്കാലത്തു് ജന്മവ സ്തുക്കളുടെ വിഭജനത്തിൽ ജന്മിമാക്കു് ഒരു നിയന്ത്രണം വയ്ക്കുന്നതു കൂടി യാന്മാക്കു ശാശ്വതമായ കഷ്ടനഷ്ടത്തിനിടവരുന്നതാണു്.

൪–ാം അദ്ധ്യായം ൧൯–ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ പൊളിച്ചെഴുതി പിടിക്കുന്നതിനും, ഭേദഗതി റ്റ്യൂലേഷൻ പാസ്സായി മൂന്നുകൊല്ലത്തിനകം ഒരു വ്യവഹാരംകൊടുത്തുണ്ടാകുന്ന ഡിക്രിയിൽ കൂടിയാൻ നിർബന്ധിതനായിതീരുന്നു. ഒരു കൊഴുവനു് പല ജന്മിമാരുടേയും കാണവസ്തുക്കൾ അനുഭവമുള്ളതിനാൽ ഒരേസമയത്തു പല വ്യവഹാരങ്ങളിൽ ഉൾപ്പെടുന്നതിനു് ഇടയാകുന്നു. ഒരാൾ അനുഭവിക്കുന്ന മിക്ക പുരയിടങ്ങളും നിലങ്ങളും ഒന്നിലധികം ജന്മിമാരുടെവകയായിട്ടുള്ളതാണു് കണ്ടുവരുന്നുണ്ടു്. ആ സ്ഥിതിക്കു് ഒരേസമയത്തു് പല വ്യവഹാരങ്ങൾ ഒരാളിന്റേപേരിൽ ഉണ്ടാകുന്നതു സാധുക്കളായ കുടിയാന്മാരെ നശിപ്പിക്കുന്നതിനു പര്യാപ്തമായിതീരുന്നതാണു്.

൭ാം അദ്ധ്യായം ൨൫–ാംവകുപ്പു് ബി ഉപവകുപ്പുപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്ന പിഴ അനീതിപരമായിട്ടുള്ളതാകുന്നു. കുടിശിഖതുകയ്ക്കു പലിശകൊടുക്കുന്നതോടുകൂടി പിഴയും കൊടുക്കണമെന്നുള്ള വ്യവസ്ഥ കുടിയാന്മാക്കു സങ്കടത്തിനും നഷ്ടത്തിനും ഇടയാകുന്നു. സർക്കാർ കരകുടിശിഖവന്നാൽ തന്നെയും ഡിമാൻറനോട്ടീസുപടി ൫ ചക്രമേ മുതലുള്ളു. അതുകൊണ്ടു് പലിശമുതലുകയല്ലാതെ പിഴനിശ്ചയിക്കരുതു്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : പിഴ എന്നുള്ള പദം എടുത്തു ജന്മിമാരുടെ അവകാശങ്ങൾ കുടിയാനു വിട്ടുകൊടുത്തതിനു് ഒരു പ്രതിഫലമായുള്ള ഒരാദായം എന്നു ചേർക്കുന്നതു സമ്മതമാണോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : സർക്കാർകരം കൊടുക്കാതിരുന്നാൽ ൫ ചക്രമേ ഡിമാൻറനോട്ടീസുപടി മുതലുള്ളു. അതുകൊണ്ടു് മിച്ചവാരത്തിനും പലിശയ്ക്കുപുറമെ പിഴമുതലുന്നതു ശരിയല്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഈ ഭേദഗതി ബില്ലനുസരിച്ചു ജന്മിമാരുടെ വസ്തു കുടിയാന്മാക്കു് തീറു് എന്നുള്ള നിലയിൽ വിട്ടുകൊടുക്കുന്നതായിട്ടറിയാമോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : അതിന്റെ പ്രതിഫലമായിട്ടാണോ ഈ പിഴ വച്ചിരിക്കുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : അതേ. അതുകൊണ്ട് ഈ പിഴ എന്നുള്ളപദം മാറ്റി പ്രതിഫലം ഒന്നാക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : മിച്ചവാരക്കുടിശികയെന്നു പലിശ എന്നും എഴുതിവച്ചിട്ടുണ്ടല്ലോ.

വൃക്ഷങ്ങളുടെ അവകാശം ജന്മിമാർക്കുതന്നെ വച്ചിരിക്കുന്നതു് ഒരിക്കലും ന്യായമല്ല. ൧൦൮൫-ലെ തിരുവെഴുത്തുവിളംബരത്തിലൊ ൧൦൯൫-ലെ ജന്മികുടിയാൻ റഗുലേഷനിലൊ ജന്മിമാർക്കു വൃക്ഷത്തിന്മേലുള്ള അവകാശം ഇന്നതെന്നു പറഞ്ഞിട്ടില്ല. വിദേശീയരായിട്ടും തിരുവിതാംകൂറിലെ സ്ഥിതിഗതികളെ അടുത്തറിയാതേയും ഹൈക്കോടതിയിലിരുന്നിട്ടുള്ള ചില ജഡ്ജിമാരുടെ അഭിപ്രായപ്രകാരം ഓരോ വിധികല്പിക്കയും അതുതന്നെ ഒരുഅതാർട്ടി (authority) യായി വൃക്ഷങ്ങളിൻമേൽ ജന്മിമാർക്കു് അവകാശം സിദ്ധിച്ചിട്ടുള്ളതുമാകുന്നു. ഹൈക്കോടതിയിലെ വിധികൾ മാറാവുന്നതാണു് എന്നുള്ളതിനു് അടുത്ത കാലത്തു് തിരുവിതാംകൂർ ഹൈക്കോടതിയിൽനടന്ന വട്ടിപ്പണകേസിലെ വിധിതന്നെ സാക്ഷ്യം വഹിക്കുന്നതാണു്. ഫലവൃക്ഷങ്ങൾക്കു കരവും മിച്ചവാരവും കൊടുത്തുവരുന്നുണ്ടു്. തേമ്പാവു്, മരുതു്, അഞ്ഞിലി മുതലായ വൃക്ഷങ്ങൾ തനിയെ വളരുന്നതാണെന്നു് ഒരു പഴമൊഴിയുണ്ടു്. മുൻകാലത്തു് ജനസംഖ്യകുറഞ്ഞിരുന്നതുകൊണ്ടു് കൃഷിചെയ്യാതെ കാടുകിടപ്പും തരിശ്ശുമായി ഭൂമി ധാരാളം കിടന്നിരുന്നു. ഇക്കാലത്തെ ജനങ്ങളുടെ കൃഷിയിലുള്ള അഭിരുചി വസ്തുക്കളുടെക്രമേണയുള്ള വിഭജനം, ഭവനങ്ങൾ-ധാരാളമുണ്ടാകുന്ന സ്വഭാവം മുതലായവകൊണ്ടു് പുരയിടങ്ങളിൽ കുടിയാന്മാർ വൃക്ഷങ്ങൾ പ്രത്യേകമായി നട്ടുപിടിപ്പിച്ചെങ്കിലല്ലാതെ അവർ വളരുകയില്ല. അങ്ങിനെ നട്ടുപിടിപ്പിച്ചുണ്ടാകുന്ന വൃക്ഷങ്ങളുടെ വില ജന്മിക്കുകൊടുക്കണമെന്നുപറയുന്നതു സങ്കടകരമാണു്. ജന്മി ഒരിക്കലും വൃക്ഷങ്ങൾ കുടിയാന്റെ പുരയിടങ്ങളിൽ നട്ടുപിടിപ്പിച്ചതായൊ സൂക്ഷിക്കയൊചെയ്യുന്നില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*) : ഇന്നത്തെ നിയമത്തിൽ ഈ വൃക്ഷങ്ങളുടെ അവകാശം ഏതുമാതിരിയാണു് ക്ലിപ്തം ചെയ്തിട്ടുള്ളതു്?

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : വിശേഷമായിട്ടു വല്ലതും കണ്ടിച്ചിട്ടുണ്ടോ എന്നു സംശയമാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ Mr. Tamarapallil Kochutomman. ]

ഈ വൃക്ഷങ്ങൾ കടിയാൻ നട്ടുപിടിപ്പിക്കുന്നില്ലെന്നു തന്നെവിചാരിക്കുക. അവകളെ സൂക്ഷിച്ചു രക്ഷിച്ചു വളത്തിക്കൊണ്ടുവരേണ്ടതു് കടിയാൻ തന്നെയല്ലയൊ. ഇവകളെ നശിപ്പിച്ചു ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചാൽ ആദായത്തിനും പുറമേ തടിവെട്ടി എടുക്കാനുള്ള സ്വാതന്ത്ര്യവുംകൂടി കിട്ടും. അതിനാൽ വൃക്ഷത്തിന്മേലുള്ള അവകാശം പണ്ടാരവക വസ്തുക്കളിലുള്ളതുപോലെ കുടിയാനുതന്നെ ലഭിക്കേണ്ടതാണു്.

ഞാൻ ഈ ഭേദഗതി ബില്ലിനോടുയോജിച്ചുകൊള്ളുന്നു.

**MR. R. RAMAN PILLAI** (*Kottayam*) : സർ, പണ്ഡിതനായ ലാമെമ്പർ ഇവിടെ ഹാജരാക്കിയിരിക്കുന്ന ജന്മികുടിയാൻ ഭേദഗതിബില്ലിനെസംബന്ധിച്ചു രണ്ടുവാക്കു പറയണമെന്നു ഞാനും വിചാരിക്കുന്നു. ആദ്യമായി ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന മൂലതത്വങ്ങളെ ഞാൻബലമായിപിൻതാങ്ങിക്കൊള്ളുന്നു. എന്നാൽ റൌണ്ട്ടേബിൾകാൺഫറൻസിന്റെ ഘടനയേയൊ ലാമെമ്പർ ഈ ബിൽ തയ്യാറാക്കിയിരിക്കുന്ന രീതിയേയൊ അദ്ദേഹത്തിന്റെ ആദർശനിർദ്ദേശങ്ങളേയൊ പററി വിമർശനം ചെയ്യണമെന്നുഞാൻ വിചാരിക്കുന്നില്ല. റൌണ്ടുടേബിൾ കാൺഫറൻസും ഗവണ്മെൻറും കുടിയാനവന്മാക്കു് അവരാൽകഴിയുന്ന സഹായങ്ങൾചെയ്തിട്ടുണ്ടെന്നാണു് എന്റെ ബോധ്യം.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*) : എവിടെനിന്നാണു് ആ ബോധമുണ്ടായതു്?

**MR. R. RAMAN PILLAI** (*Kottayam*) : ഈ കൌൺസിലിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള പ്രതിനിധികൾ കുടിയാൻ ഭാഗക്കാരാണു്. എന്നാൽ അവർ ജന്മിമാരുടേയും പ്രതിനിധികളല്ലയൊ എന്നു ചോദിക്കുമായിരിക്കും. ജന്മിമാരുടേയും പ്രതിനിധികൾതന്നെ. എന്നാൽ മനുഷ്യർ മനുഷ്യർതന്നേയാണെന്നും അവക്കു സ്വാർത്ഥമായ ചില സഹജഗുണങ്ങൾ അവരിൽ പ്രതിഫലിച്ചുകാണുമെന്നും ആ നിലയിൽ നോക്കുമ്പോൾ അവർ കുടിയാൻപ്രതിനിധികളെന്നും ഊഹിക്കാം.

**MR. A. C. KURIAKOSE** (*Minachil* cum *Devicolam*): ജന്മിമാക്കു സ്വാർത്ഥതയില്ലെന്നാണൊ പറയുന്നതു?

**MR. R. RAMAN PILLAI** (*Kottayam*): ഞാൻ അങ്ങനെപറഞ്ഞില്ല. മനുഷ്യർ മനുഷ്യരാണെന്നും അവരുടെ സഹജഗുണങ്ങൾ ഒളിവിൽ എങ്കിലും കാണുമെന്നുമാണു് പറഞ്ഞതു്.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*) : മെമ്പർ കുടിയാൻ മെമ്പറൊ, ജന്മി മെമ്പറൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*): ഞാൻ കുടിയാനവൻ എന്നപോലെതന്നെ ഒരു ജന്മിയുമാകുന്നു. വ 0 0 –ൽപരം ഏക്കർ ഭൂമിയുടെ ജന്മിയും ഫ 0 –ൽപരം ഏക്കർഭൂമിയുടെ കുടിയാനുമാണ്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): മെമ്പർക്കുടി വോട്ടുചെയ്തല്ലെ കുടിയാൻ മെമ്പർമാരെ തിരഞ്ഞെടുത്തത്?

MR. R. RAMAN PILLAI (*Kottayam*): അതേ.

ഒന്നാമതായിട്ട് എനിക്കു പറയാനുള്ളത് ഈ വസ്തുക്കളെല്ലാം ജന്മിമാക്ക് ഉടമസ്ഥാവകാശമുള്ളതാണെന്നും കുടിയാനവന് യാതൊരവകാശവും ഇല്ലാത്തതായിരുന്ന എന്നും ഉള്ള നിലയിലാണ് ഈ വിഷയത്തിലെ നിയമങ്ങളെല്ലാം ഉണ്ടാക്കീട്ടുള്ളത് എന്നാണ്. തിരുവിതാംകൂറിൽ ഈ വിഷയത്തെപ്പറ്റി അന്വേഷിക്കുന്നതിന് ഒരു കമ്മിഷൻ ഏർപ്പെടുത്തീട്ട് ഇപ്പോൾ ഫ 0 കൊല്ലമായി എന്നതോന്നുന്നു. ആ വിചാരണയിൽ ഒരു സ്റ്റേറ്റുമെൻറു കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വ 0 0 –ാമാണ്ടുമുതൽ ഫ 0 0 0 –ാമാണ്ടുവരെയുള്ള പല പല ജന്മിമാരുടെ പഴയ പ്രമാണങ്ങളും പരിശോധിച്ചു. അവയിൽനിന്നും ഒരു സ്റ്റേറുമെൻറു തയ്യാറാക്കീട്ടണ്ടായിരുന്നു. ഫ 0 0 കൊല്ലത്തെ സംബന്ധിച്ചുള്ള എൻെറ ചരിത്രാന്വേഷണത്തിൽ ജന്മവസ്തു ഒഴിപ്പിക്കുന്നതിനും താല്പര്യമുള്ളവരും കുടിയാന്മാരെ ഉപദ്രവിക്കുന്നവരുമായ ജന്മിമാർഒന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നാണ് എൻെറ അഭിപ്രായം. അക്കാലത്തു ബ്രാഹ്മണർ നല്ലവിദ്യാഭ്യാസമുള്ളവരും രാജപ്രതിനിധികളും ആശ്രിതവാത്സല്യമുള്ളവരുമായിരുന്നു. അന്നത്തെ ജനങ്ങളാകട്ടെ ബ്രാഹ്മണഭക്തിനിറഞ്ഞവരായിരുന്നു. ഉദാരബുദ്ധികളായ നായന്മാർ ഈ ബ്രാഹ്മണരെ പൂജിച്ചു വന്നിരുന്നു. അവരോടുചേർന്ന് ഇതരസമുദായക്കാരും ബ്രാഹ്മണരെ ആദരിച്ചുവന്നു. മുൻകാലത്തു സർക്കാർവക ഭൂമികളിൽ കുടിയാനവന്മാക്കു യാതൊരുസ്ഥിരമായ അവകാശവും ഉണ്ടായിരുന്നില്ല. അക്കാലത്തു് ഓരോ ദേശഭാഗങ്ങളിലും ഓരോദേശ സംഘവും ഓരോതലവനും ഉണ്ടായിരുന്നു. ഈ സംഘത്തലവന്മാർ ഓരോ ദേശത്തുമുള്ള ഭൂമികളെ ഭരിക്കയും കൃഷിസ്ഥലങ്ങളെ അവർജനങ്ങൾക്കു വീതിച്ചുകൊടുത്തു കൃഷി ചെയ്യിക്കയും ചെയ്തുവന്നിരുന്നു. അങ്ങിനെ ഇരിക്കെ വിശിഷ്ടരായ ബ്രാഹ്മണർ ഏതോ സംഗതിവശാൽ കേരളത്തിൽ ക്ഷതിയോപദ്രവം നിമിത്തമോ മറെറാ വന്നുചേരുകയുണ്ടായി. അതിലേക്കുപല ലക്ഷ്യങ്ങളുമുണ്ട്. ഈ ബ്രാഹ്മണരുടെ വിശിഷ്ടസ്വഭാവംകണ്ട് ഔദാര്യശീലന്മാരായ നായന്മാർ അവരെ അനുകൂലിച്ച് അവരെ സഹായിച്ചു വന്നി



LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

രുന്നു. അക്കാലത്താണ് തിരുവിതാംകൂറിൽ ചെറിയചെറിയ രാജ്യങ്ങളും രാജാക്കന്മാരും ഉണ്ടായിരുന്നത്. ബ്രാഹ്മണർ മന്ത്രിമാരായും രാജകൃത്തുക്കളുമായിരുന്നു.

MR. N. K. KRISHNA PILLAI (*Neyyattinkara*): ബ്രാഹ്മണർ എന്നു പറയുന്നത് മലയാള ബ്രാഹ്മണരെ ഉദ്ദേശിച്ചാണോ?

MR. R. RAMAN PILLAI (*Kottayam*): ജന്മികുടിയാൻ വ്യവഹാരത്തെസംബന്ധിച്ച ബ്രാഹ്മണർ, അതായതു മലയാള ബ്രാഹ്മണർ. മറുസംഗതിയിൽ ബ്രാഹ്മണർവേറെയുമുണ്ട്. ബ്രാഹ്മണർഅനുഭവിക്കുന്നവസ്തുക്കൾ രാജാക്കന്മാർ യാതൊരുകാരണവും ചുമത്തിയിരുന്നില്ല. തിരുമേനിയുടെഅടുത്തു ചെന്നുപറഞ്ഞാൽ സർക്കാർ ഉപദ്രവിക്കാനിടയാകാതെ ജീവിക്കാമെന്നുവിശ്വസിച്ച ബ്രാഹ്മണരുടെഅടുക്കൽഎത്തി ഒരു പുകയിലയും രണ്ടുപഴുക്കായുംപത്തുവെറ്റിലയും തിരുമുൻകാഴ്ചവച്ചു വസ്തു എഴുതിമേടിച്ചിട്ടുള്ളപലരുംഉണ്ടായിരുന്നു. അങ്ങിനെസമ്പാദിച്ചവസ്തു എനിക്കു ഇപ്പോഴുണ്ട്. എന്നാൽ കാലാന്തരത്തിൽ സ്ഥിതിഗതികളെല്ലാംമാറി ബ്രാഹ്മണർസ്വാർത്ഥതല്പരരായി അധികാരശക്തി ഉപയോഗിച്ചുതുടങ്ങി. മിച്ചവാരംകൂടാതെ ഇരട്ടി കൂട്ടുതൽ കിട്ടണമെന്നായി. ചിലവിന്റെ രീതിതന്നെ വർദ്ധിച്ചു. ജന്മിമാരുടെ കായ്യസ്ഥന്മാർക്കു കൈക്കൂലികൊടുത്തു് അന്യ കൈവശമിരിക്കുന്ന വസ്തുക്കൾ തനിക്കു കൈവശപ്പെടുത്തണമെന്നു സ്വാർത്ഥപരരായ ചില കുടിയാന്മാരും വിചാരിച്ചുതുടങ്ങി. ഈ കായ്യസ്ഥന്മാരുടെ ദുരാലോചനകൊണ്ടു് ഒരാൾക്കു കൊടുത്തവസ്തുമറ്റൊരാൾക്കുമേൽചാർത്തുകൊടുക്കുന്നതിനും ജന്മിമാർ നിർബന്ധിതരായിതീർന്നു. ഇങ്ങനെ ജന്മിമാരുടേയും കുടിയാന്മാരുടേയും ഇടയിൽ വഴക്കും മത്സരവും ആരംഭിച്ചു. അതിന്റെ ഫലമായി ക്ഷ ൦ ൦ ൪-ാം മാണ്ടോ ക്ഷ ൦ ൦ ൫-ാം മാണ്ടോ ഒരു തിരുവെഴുത്തു വിളംബരമുണ്ടായി. എന്നാൽ ഞാൻ രണ്ടു താലൂക്കിലെ ആധാരങ്ങളെ പരിശോധിച്ചു നോക്കിയതിൽ ജന്മിമാർ വസ്തു ഒഴിപ്പിച്ചതായി അതിനുമുൻപു ഒരു ലക്ഷ്യവുംതന്നെ കണ്ടിട്ടില്ല. അങ്ങിനെ വസ്തു ഒഴിപ്പിച്ചെടുത്തതായിട്ടു ഒരു ജന്മിയും ജന്മിക്കുടിയാൻ കമ്മിറ്റിയിൽ തെളിവും കൊടുത്തിട്ടില്ല. വസ്തു അവകാശത്തെ സംബന്ധിച്ച ജന്മിയും കുടിയാനും തമ്മിൽ തർക്കം ആരംഭിക്കയും അതു നിമിത്തം ഓരോവിധത്തിൽ നിയമങ്ങൾ ഉണ്ടാവുകയും ചെയ്തു. ഇന്നും ബ്രാഹ്മണരുടെ അനുകൂലികളാണല്ലൊ രാജാക്കന്മാർ. വിശേഷിച്ചും ബ്രാഹ്മണഭക്തി നിറഞ്ഞിരിക്കുന്ന നമ്മുടെ രാജസ്വരൂപത്തിൽ നിന്നും ബ്രാഹ്മണരെ ഏതുകാലത്തും

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഭേതിയോടുകൂടി ആദരിച്ചു വന്നിരുന്നു. ബ്രാഹ്മണരുടെ അഭിപ്രായത്തേയും ആദർശത്തേയും എതുത്തു പ്രവർത്തിക്കുന്നതിനു നമ്മുടെ മഹാരാജാക്കന്മാർ ശക്തന്മാരല്ലായിരുന്നു. അന്നു് ഹൈക്കോടതിയെ അലങ്കരിച്ചിരുന്ന ജഡ്ജിമാരും പരമയോഗ്യന്മാർതന്നെ ആയിരുന്നു. എങ്കിലും അവർ തിരുവിതാംകൂറിലെ ചരിത്രങ്ങളും വസ്തുക്കളുടെ സ്ഥിതിയും അറിയാതെ മലബാറിലെ സ്ഥിതി വച്ചുകൊണ്ടു് വിധിഎഴുതി പല ഉപദ്രവങ്ങളും കുടിയാനവന്മാക്കു് ഉണ്ടാക്കിതീർത്തിട്ടുണ്ടു്. ദിവാൻ സർ, ടി. മാധവറാവുവിന്റെ കാലത്തു് ഒരു തിരുവെഴുത്തു വിളംബരം പുറപ്പെടുവിക്കാൻ അദ്ദേഹം ചെയ്ത ചർച്ചയിൽ അന്നത്തെ ഹൈക്കോടതി ജഡ്ജിമാർ മലബാറിലെ തോതുവച്ചുകൊണ്ടു് കുടിയാന്മാക്കു് എതിരായി പ്രവർത്തിച്ചുഎന്നു് റിപ്പോർട്ടുകൊണ്ടു കാണുന്നുണ്ടു്. ജന്മികുടിയാൻബന്ധത്തെക്രമീകരിക്കുന്നതിനു വ്യവസ്ഥ ഏർപ്പെടുത്തിയ ഓരോസന്ദർഭത്തിലും ജന്മിമാരുടെ ശക്തിവർദ്ധിച്ചും കുടിയാന്മാരുടെ അവകാശങ്ങൾക്കു പ്രാബല്യം കുറഞ്ഞുംവന്നു. അതിന്റെ ഫലമായി പിന്നെയും പ്രക്ഷോഭണം നടന്നുകൊണ്ടുതന്നെയിരുന്നു. ജന്മിമാർ വസ്തു കൈവശംകിട്ടണം, മിച്ചവാരംകൂടുതൽ കിട്ടണം എന്നെല്ലാം ശഠിക്കാൻ തുടങ്ങി. അതിനു ശേഷമാണു് ൧൦൭൫-ലെ ൪-ാം റഗുലേഷനുണ്ടായതു്. അതിനേക്കാൾ നല്ലതാണു് ഇപ്പോഴത്തെ ഭേദഗതിബിൽ എന്നും ചിലമെംബർമാർ അഭിപ്രായപ്പെട്ടുന്നുണ്ടു്. എനിക്കു് അതിനോടു അനുകൂലിക്കാൻ യാതൊരുനിവൃത്തിയുമില്ല. കാൺഫ്റൻസിലുണ്ടായിരുന്ന ഹൈക്കോടതി ജഡ്ജിമാരായിരുന്ന രണ്ടു മഹാന്മാരും വളരെ യോഗ്യന്മാരാണു് എന്നതിൽ പക്ഷാന്തരമില്ല. തത്തുല്യന്മാരായ മറ്റംഗങ്ങളുമുണ്ടായിരുന്നു. എങ്കിലും അവർ കണക്കു ശരിയായി നോക്കിഎന്നു പറയാൻ നിവൃത്തിയില്ല. പൊളിച്ചെഴുത്തവകാശം ൧൦-ശതമാനം കൊടുക്കണമെന്നുപറഞ്ഞാൽ ൧൦൦നു ൧൧ പലിശയായി. എന്നാൽ ൯൯ ശതമാനം എന്നാക്കിയാൽ ഒരു വിധം ന്യായമായിരിക്കും. കലശവരിക്കു് ൫ ശതമാനം വച്ചിരിക്കുന്നതു കൂടുതലാണു്, കലശം തുറുകൊല്ലത്തിലൊരിക്കൽ തന്നെയുമുണ്ടാകുന്നില്ല.

൧൦൭൫-ലെ ൪-ാം റഗുലേഷനനുസരിച്ചു് ജന്മിക്കു കാണവസ്തു ഒഴിപ്പിക്കുന്നതിനു സ്ഥിരമായ അവകാശംഉണ്ടെന്നുകാണുന്നുണ്ടു്. എന്നാൽ അതു് അക്ഷരത്തിലല്ലാതെ അർത്ഥത്തിൽ ഇല്ലാത്തതാണു്. ഒരു നാമധേയമാത്രമായ അവകാശമെന്നേ ഞാൻ കരുതുന്നുള്ളു. ജന്മിവിചാരിച്ചാൽ വസ്തു ഒഴിപ്പിക്കാൻ സാധിക്കയില്ല. മിച്ചവാരക്കുടിശിഖയുടെ അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ന്യായം കൊടുക്കുമ്പോൾ. ആദ്യവിചാരണദിവസം കോർട്ടിൽ പണം കെട്ടിവച്ചാൽ എങ്ങിനെയാണു് വസ്തു ഒഴിപ്പിക്കുന്നതു്. ജന്മി നിഷേധക്കാരിൽനിന്നു ഒഴിപ്പിക്കേണ്ടതുമല്ലയൊ.

റവന്യൂ റക്കവറി റഗുലേഷൻ പ്രകാരം മിച്ചവാരം പിരിക്കാൻപാടില്ല എന്നു് ഇവിടെ പ്രസ്താവിക്കയുണ്ടായി. അതു ജന്മിമാരെ മനഃപൂർവം ദ്രോഹിക്കാൻ പറയുകയാണു്. കരം കൊടുക്കാതെയിരുന്നാൽ ഓരോഗഡുവിലേയും പ്രത്യേകം നോട്ടീസ്സുകൊടുത്തു് നടപടിനടത്തി സക്കാർ ഈടാക്കുന്നുണ്ടു്. അതുകൊണ്ടു് രാജ്യം മുടിയുന്നില്ല. ആ നിയമമനുസരിച്ചു് മിച്ചവാരം ഈടാക്കുന്നതുകൊണ്ടു് കുടിയാന്മാക്കു എന്തു നാശമാണു് നേരിടാൻപോകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ഒരുകൊല്ലത്തെ മിച്ചവാരം സമരിയായി കോടതിയിൽ കെട്ടിവയ്ക്കാനവകാശമുണ്ടു്. എന്നാൽ രണ്ടോ മൂന്നോ കൊല്ലം കൊടുക്കാതെ ബാക്കിഇട്ടേച്ചാൽ അതിനെ കോർട്ടിൽ കെട്ടിവയ്ക്കുന്നതിനു വഴിയില്ല.

ഇതിനു മുമ്പിലിരുന്ന മഹാനായ ഒരു ചീഫ്സെക്രട്ടറി റവന്യൂമാനുവൽ എഴുതിയപ്പോൾ വീഴ്ചക്കാരനെ ജയിൽ ശിക്ഷ നിശ്ചയിച്ചു് ഒരു വകുപ്പുകൂടി എഴുതിയിരുന്നതായും അതിനെ ഗവണ്മെൻറു് എടുത്തുകളഞ്ഞതായും കേട്ടിട്ടുണ്ടു്. അതു യഥാർത്ഥമാണെങ്കിൽ അതിനുതുല്യമായിട്ടു് ഇങ്ങനെ ഒരു വകുപ്പു് ലാമെമ്പർ ഇതിൽ ചേർക്കേണ്ടതാണു് എന്നുവിചാരിച്ചുകൊള്ളുന്നതിൽ സന്തോഷിക്കുന്നതെന്നെ ചെയ്യുന്നു. കരംപിരിക്കുന്നതുപോലെതന്നെ മിച്ചവാരം ഈടാക്കാനുള്ള അവകാശവും റവന്യൂ റക്കവറിറഗുലേഷൻ പ്രകാരം ഉണ്ടായിരിക്കുന്നതു ഉത്തമമാണു്. പക്ഷേ റവന്യൂ റക്കവറിറഗുലേഷൻപ്രകാരമുള്ള ചിലവിൽ കൂടുതൽ കുടിയാനവനിൽനിന്നു ഈടാക്കരുതു്.

**MR. A. S. DAMODARAN ASAN** (*Mavelikara cum Kartikappalli*): അതു ജന്മിക്കു തോന്നുന്ന അവസരങ്ങളിൽ ഉപയോഗിക്കാൻ അനുവദിക്കുമോ?

**MR. R. RAMAN PILLAI** (*Kottayam*): മിച്ചവാരംമുതലായതു കുടിശ്ശികയിടുമ്പോൾ അങ്ങനെ ഈടാക്കാനുള്ള അവകാശം കൊടുക്കണം.

സക്കാർകരംഎങ്ങിനെ ഈടാക്കുന്നുവോ അതനുസരിച്ചു ജന്മി കരവും ഈടാക്കിക്കൊള്ളട്ടെ. അതുകൊണ്ടു് ഒരുകുടിയാനവൻ നശിച്ചുപോകയില്ല. ഇവിടെ വന്നിരിക്കുന്നജന്മിമാരെല്ലാം മിച്ചവാരം കിട്ടിയില്ലെങ്കിലും കഴിക്കാമെന്നുള്ളവരാണു്. എന്നാൽ മിച്ചവാരം കിട്ടിയില്ലെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ പട്ടിണികിടക്കുന്ന ജന്മിമാരുംഉണ്ട്. അവക്കു മിച്ചവാരം ശരിയായിട്ടഈടാക്കാനുള്ള അവകാശംഉണ്ടായിരിക്കേണ്ടതാണ്. അങ്ങിനെഈടാക്കാനുള്ള ചിലവു ഗവണ്മെൻറിൽ ഒടുക്കിയാൽ അതനുസരിച്ചു ഈടാക്കികൊടുക്കാമെന്നൊരു വ്യവസ്ഥ വച്ചിരിക്കുന്നു. ഒരു തുക ഒടുക്കിയാൽ എന്നുള്ള വ്യവസ്ഥ ശരിയല്ല. റവന്യൂ റക്കവറിറഗുലേഷൻപ്രകാരമുള്ള ചിലവുകളെ അതിക്രമിക്കാൻ പാടില്ല.

ഇനി തടിവൃക്ഷങ്ങളെപ്പറ്റിയാണ് പറയാനുള്ളത്. ഫോറെസ്റ്റ് റഗുലേഷനിൽ അന്തരാത്മാമായിട്ട് താനെ വളർന്നുവരുന്ന വൃക്ഷങ്ങൾക്കു ഏതാണ്ടു ഒരവകാശം ജന്മിമാക്കുണ്ടായിരുന്നു എന്നു കാണുന്നു. സ്പഷ്ടമായി അങ്ങിനെ ഒരു വ്യവസ്ഥ ഉണ്ടായിരുന്നില്ല. ഫൊറെക്കോർട്ട് വിധികളാൽ കിട്ടിയിട്ടുള്ള അവകാശം തടികളിന്മേൽ ജന്മിമാക്കു നിസ്സംശയമായ അവകാശപ്രദാനം ചെയ്യുന്നതായി ഞാൻ കരുതുന്നില്ല. വിലകൊടുക്കേണ്ട അവസരത്തിൽ അതിന്റെ വിലയിൽ ഒരംശം ജന്മിക്കു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. മദ്രാസിൽ നിന്നു ഇവിടെ വന്നിട്ടുള്ള ജഡ്ജിമാർ അവിടത്തെ ചരിത്രം വച്ചുകൊണ്ടു ഓരോതരത്തിൽ വിധി എഴുതിതുടങ്ങി. വിധികൊണ്ടു ശക്തിയും ഉണ്ടായി. ഈ വിധി എല്ലപ്പോഴും. ഒരിക്കൽ അന്യായപ്രകാരം വിധിക്കപ്പെടാവുന്ന കേസ് അടുത്ത T L J പുറത്താകുന്നതിനുമുമ്പു വിധിക്കപ്പെട്ടില്ലെങ്കിൽ അന്യായത്തള്ളി വിധിക്കപ്പെടും. ഇതു ഞാൻ പറയുന്നതു അപകടമാണ്. വരുന്നതുവരട്ടെ. കായ്യം പറയാതിരിക്കാൻ നിവൃത്തിയില്ല. കുടിയാനവൻ മനഃപൂർവം വിചാരിക്കയാണെങ്കിൽ ഒരു വൃക്ഷംപോലും തടിക്കുയോഗ്യമായവിധം വളരുകയില്ല. അതു അവന്റെ വസ്തുവിൽ വളർന്നവന്നു കൊണ്ടുപോകാൻ സാധിക്കയില്ല. ഇതിലേക്കു കുടിപുരയിടങ്ങളിലെ രാജകീയവൃക്ഷങ്ങളുടെ കഥഅലോചിച്ചാൽ മതി. എന്റെ ചെറുപ്പകാലത്തു പത്തും ഇരുപതും തടികൾ ഓരോ പുരയിടത്തിലും ഉണ്ടായിരുന്നു. എന്നാൽ രാജകീയ വൃക്ഷങ്ങൾക്കു ഗവണ്മെൻറിൽനിന്നും പകുതിവിലകൊടുക്കാമെന്നും വ്യവസ്ഥയുമുണ്ട്. കുടിയാനവൻ ആവശ്യപ്പെട്ടാൽ സർക്കാരിൽ നിന്നും വെട്ടിതരികയുംചെയ്യും. ഇങ്ങിനെ ഇരുന്നിട്ടുപോലും ഒരൊറ്റ തെക്കുതൈപോലും കുടിയാനവന്റെ പുരയിടത്തിൽ കാണ്മാനില്ല. ചേരിക്കലിൽ തടികൾ വളരും എന്നിവിടെ പ്രസ്താവിക്കയുണ്ടായി. അങ്ങിനെപറയുന്നവർ ചേരിക്കൽ ഭൂമികണ്ടിട്ടില്ലാത്തവരായിരിക്കണം. ആറും എട്ടും കൊല്ലം കഴിയുമ്പോഴും വെട്ടി പൂട്ടികൃഷിചെയ്യുന്ന ചേരിക്കൽ ഭൂമികളിൽ തടി ഉ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ണ്ടായിരുന്നാലും അതു ഒന്നിനും കൊള്ളുകയില്ല. ശരിയായതടി കിട്ടണമെങ്കിൽ കാടുവെട്ടിമാറ്റി ചുടണം. അങ്ങിനെയിരിക്കുന്ന തടികളിൽ പൂണ്ണാവകാശം വേണമെന്നു ജന്മിമെമ്പർ പ്രസ്താവിച്ചതിൽ എനിക്കു അതിയായ മനസ്താപമുണ്ട്. കുടിയാന്മാരുടെ അവസ്ഥ എറെക്കുറെ അറിയാവുന്ന ഒരാളാണു കൊവാപ്പ്ട്ട് ചെയ്തിരിക്കുന്ന മെംബർ. അദ്ദേഹം സംഗതികളെല്ലാം മനസ്സിലാക്കീട്ടുണ്ടെങ്കിലും അതു കാണിക്കാതെകൌശലത്തിൽ മാത്രം പറഞ്ഞതാണ്. എന്നാൽ ജന്മിമെംബക്കും സംഗതികൾ സകലതും അറിയാം. അദ്ദേഹം ജന്മിമാരുടെ പ്രതിനിധിയെന്ന നിലയിൽ പറഞ്ഞു എന്നല്ലാതെ അദ്ദേഹത്തിന്റെ സ്വന്ത അഭിപ്രായമായി ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് ഈ വൃക്ഷങ്ങളിന്മേൽ ജന്മിമാക്കുള്ള അവകാശം രാജകീയ വൃക്ഷങ്ങളിൽ സർക്കാരിനുള്ള അവകാശത്തെക്കാൾ കൂടിയിരിക്കരുത്. ഇപ്പോഴത്തെ ഈ ബിൽ പാസ്സാവുകയാണെങ്കിൽ മേലാൽ ഒരു വൃക്ഷവും കുടിയാനവന്റെ പുരയിടത്തിൽ കാണുകയില്ല. അതു ധനശാസ്ത്രമനുസരിച്ചു നോക്കിയാലും രാജ്യത്തിനു നാശകരമായിട്ടുവരുകയുള്ളൂ.

പിന്നീട് ഈ തടികൾക്കു അസസ്സ് ചെയ്യണമെന്നു ഇവിടെ പറയുകണ്ടായി. ഫലമില്ലാത്തവൃക്ഷങ്ങളെ എങ്ങിനെയാണ് അസസ്സ് ചെയ്യുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ആഞ്ഞിലിവൃക്ഷത്തെ തന്നെ ഉദാഹരണമായി എടുത്തുനോക്കാം. ആഞ്ഞിലിയിലുള്ള ചക്കപറിച്ചു ശീമയ്ക്കയച്ചു കുടിയാനവനു ആദായം ഉണ്ടാക്കി കൊടുക്കുന്നതിനു ഗവണ്മെൻറു തയ്യാറുള്ളപക്ഷം അസസ്സ്ചെയ്യുന്നതിനു ഒരു വിരോധവുമില്ല. തെങ്ങ്, കമുങ്ങ്, പ്ലാവ്, ഈ മൂന്നുവൃക്ഷങ്ങളുംഅസസ്സ്ചെയ്യുന്നുണ്ട്.

ഇനി സിലക്ട് കമ്മിറ്റി പ്രധാനമായിട്ടു ആലോചിക്കാനുള്ളവയെ നിർദ്ദേശിക്കുന്നു. റൌണ്ടേബിൾ കാൺഫറൻസ് സമ്മതിച്ച തേയില, റബ്ബർ ഇവ കൃഷിചെയ്യപ്പെടുന്ന ഭൂമികൾക്കു കരംനിശ്ചയിച്ചതിനെപ്പറ്റിയാണ്. ഏക്കർ ൫൦ റബ്ബർവൃക്ഷം നിൽക്കുന്നതിനെ ഒരേക്കറായിട്ടു കണക്കാക്കണമെന്നു പറയുന്നു. അതിനു ചിലപ്പോ ജന്മികരവും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ റബ്ബർ ൫൦൦ വൃക്ഷം വരെ ഒരേക്കറിൽ വയ്ക്കാം. ചിലയൂറോപ്യൻ തോട്ടങ്ങളിൽ പോയാൽ ഏക്കർ ൫൦ വൃക്ഷങ്ങൾ വച്ചിരിക്കുകാണാം. എന്നാൽ ക്രമേണ കാലാന്തരത്തിൽ വെട്ടി തിൻചെയ്യുവരുന്നു. തിരുവിതാംകൂർകാരുടെ തോട്ടങ്ങളിൽ ഏക്കറിനു ൫൦൦ വൃക്ഷങ്ങളിൽ കുറഞ്ഞു ഒരുസ്ഥലത്തും കാണുകയില്ല. എനിക്കുചില താലൂക്കുകളി

LIBRARY ARCHIVES Kerala Legislative Assembly

ലേയും സ്ഥതി നല്ലവണ്ണം അറിയാം. എനിക്കുറബ്ബർ കൃഷിയുമുണ്ട്. എ ന്റെ തോട്ടത്തിൽ ഏക്കറിന ഇരുന്നൂറുറബ്ബർ മരങ്ങളാണ വച്ചിട്ടുള്ളത്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ടാപ്പ് ചെയ്യാൻ തുടങ്ങിയാൽ പിന്നെ വ ർ ഷം കാണുമോ?

MR. R. RAMAN PILLAI (*Kottayam*): ടാപ്പ ചെയ്യു ക വ കൊല്ലം കഴിഞ്ഞാൽ വ ർ ഷ ഉണ്ടെന്നു ബോദ്ധ്യപ്പെട്ടതിനുതരാം. ഞാൻ ഏന്തോ കാര്യം സാധിക്കാൻവേണ്ടി പറയുകയാണെന്നു നിങ്ങളാരും വിചാരി ച്ചുപോകരുത്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഏതു അടി അകലത്തിലാണ് വച്ചിരിക്കുന്നത്?

MR. R. RAMAN PILLAI (*Kottayam*): ചില ലിങ്ക്സും, ഫ ർ ലിങ്ക്സും, വ ർ ലിങ്ക്സും ചില ലിങ്ക്സും ഇങ്ങനെ പലതരത്തിലും വച്ചിട്ടുണ്ട്. ന ർ അടിദൂരത്തിലായിരുന്നാൽ നന്നായിരിക്കുമെന്നാണ് വിദഗ്ധന്മാർ പറയുന്നത്. ഒന്നരലിങ്ക്സ് ഒരടിയാണെന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലൊ.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഒരേക്കർ സ്ഥലത്തു് എത്രതെങ്ങു് നിൽക്കും?

MR. R. RAMAN PILLAI (*Kottayam*): വ വ–ം, വ ഴ–ം വയ്ക്കുന്നതായാൽനന്നായിരിക്കും. കൃഷിഡയറക്ടർഅവർകൾ ഇ ന്യ–ം, ന്യ ർ–ം വയ്ക്കാമെന്നുപറയും. കൃത്രിമ വളമൊ മറെറാ ഉപയോഗിച്ചാൽ ഒരുപക്ഷെ ഫലം കിട്ടിയേക്കാം.

RAO SAHIB DR. N. KUNJAN PILLAI (*Director of Agriculture and Fisheries*): സാധാരണ തിരുവിതാംകൂറിൽ ഒരേക്കറിൽ എത്രതെങ്ങാണ വയ്ക്കുന്നതു്?

MR. R. RAMAN PILLAI (*Kottayam*): ന്നൂറിലധികം വയ്ക്കുന്നസ്ഥലങ്ങളുമുണ്ടു്. ഞങ്ങളുടെ മലംപ്രദേശങ്ങളിൽ സാധാരണമായിട്ടു് വയ്ക്കുന്നതു് ർ ടണ്ടു അകലത്തിലാണു്. അപൂർവ്വം ചിലടിക്കിൽ മൂന്നു ടണ്ടു അകലത്തിലും വയ്ക്കുന്നുണ്ടു്. എന്നാൽ അതിൽനിന്നും കിട്ടുന്ന അനുഭവം നാലുടണ്ടു് അകലത്തിൽ വച്ചിരിക്കുന്നതിൽ നിന്നും കിട്ടുന്നതിനേക്കാൾ കുറവാണു്. ഇവിടെകൃത്രിമ വളവും മറും ഉപയോഗിക്കുന്നതിനു ശക്തിയുള്ള നാട്ടുകാർ തുലോം കുറയും. ഡെമാൺസ്ട്രേഷൻ ഫാറമായിട്ടു് ഏക്കറോമറെറാ കൃഷിക്കുവേണ്ടവളം തരാമോഎന്നു ചോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ടിച്ചു ബുദ്ധിമുട്ടിക്കുന്നവരല്ലാതെ അധികം പേരെകാണുകയില്ലായെന്നു കൃഷിഡിപ്പാർട്ടുമെന്റിന് അറിയാവുന്നതാണെല്ലോ. ഭൂമിയുടെ ഗുണം കൊണ്ടു ചിലപ്പോൾ ആദായംകിട്ടിയേയ്ക്കും. Tenants' Improvements Bill ഇവിടെവാദപ്രതിവാദം നടന്നസമയത്തു് ഒരേക്കറിൽ ഫ ൦ ൦ തെങ്ങുവയ്ക്കാം എന്നു് ഇവിടെപ്രസ്താവിക്കയുണ്ടായി. സർക്കാർ കരംചുമത്തുന്നവിഷയത്തിൽഒരു തെങ്ങിനു ഒരുസെൽറ്റ സ്ഥലംവീതം തള്ളി ബാക്കിതറയ്ക്കു തറപ്പാട്ടം നിശ്ചയിക്കണമെന്നുവച്ചതു് അടിസ്ഥാനമാക്കി ഏക്കറിൽ ഫ ൦ ൦ തെങ്ങുവയ്ക്കാമെന്നു പറയുന്നതു ശരിയല്ല. നാല്പത്തെട്ടുതെങ്ങിൽ കൂടുതൽ വയ്ക്കാൻ സാധിക്കയില്ലെന്നുള്ളതു നിശ്ചയമാണു്. കായലോരങ്ങളിലൊ നിലം നികത്തിയ പുരയിടങ്ങളിലൊ തെങ്ങു ഞെരുക്കിവച്ചാൽ കായ്ക്കുമായിരിക്കാം. എന്നാൽ പത്തുപന്ത്രണ്ടു കൊല്ലം കഴിയുമ്പോൾ തെങ്ങിന്റെ മണ്ടയുടെ വണ്ണം കുറഞ്ഞു കമുകിന്റെ മണ്ടപോലെ ആകും. വള്ളംവഴി യാത്ര ചെയ്യുമ്പോൾ ഈ സംഗതി ഞാൻ ധാരാളം കണ്ടു് അനുഭവിച്ചിട്ടുണ്ടു്.

കൂടാതെ റബ്ബറിനു ഇപ്പോൾ വിലകിട്ടുന്നില്ല. അതു കൊണ്ടു മിക്കവാറും ആളുകൾ ടാപ്പിങ്ങ് നിറുത്തികളഞ്ഞു. ചിലയൂറോപ്യൻ കമ്പനിക്കാർ അവർക്കു കൂടുതൽ ധനം ധാരാളമുള്ളതുകൊണ്ടു് അതു നടത്തികൊണ്ടു പോകുന്നുണ്ടെന്നേയുള്ളൂ. അവരുംജനുവരി ഫ ൩൧-നു വരെ ടാപ്പിങ്ങ് നടത്തീട്ടു നിറുത്തികളഞ്ഞിരിക്കുന്നു. ടാപ്പുചെയ്തിട്ടുപ്രയോജനമൊന്നുമില്ല. പാശ്ചാത്യരാജ്യങ്ങളിൽ നിന്നും വരുന്ന വർത്തമാനപത്രങ്ങളിൽ കാണുന്നസ്ഥിതി ആലോചിക്കുമ്പോൾ ഈ റബ്ബറിൽ നിന്നും ആദായം കിട്ടുമെന്നുള്ള ആശ അസ്ഥാനത്തിലാണെന്നു ബോദ്ധ്യപ്പെട്ടും.

തേയിലകൃഷിയെസംബന്ധിച്ചു പറയുകയാണെങ്കിൽ മിക്കവാറും ശോചനീയമായ ഒരവസ്ഥയാണുള്ളതു്. വളരെധനവ്യയം ചെയ്താലെതേയിലകൃഷി നടത്താൻ സാധിക്കയുള്ളൂ എന്നും അതിനാലാണു് അതിനു കരം കുറച്ചുവച്ചിരിക്കുന്നതെന്നും റവന്യൂസെക്രട്ടറി ഇതിനുമുമ്പു ഇവിടെ പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്. അങ്ങിനെ വളരെ ധനവ്യയം ചെയ്തു നടത്തേണ്ട തേയിലകൃഷിക്കു സർക്കാർ ഒരു രൂപയേ കരം നിശ്ചയിച്ചിട്ടൊള്ളൂ. തേയിലക്കു കരം കൂട്ടുന്നതുകൊണ്ടു് എനിക്കു വിരോധമില്ല. അതു സ്ഥിതിക്കു ജന്മിമാർക്കു രണ്ടുരൂപാ കൊടുക്കണമെന്നു പറഞ്ഞാൽ വലിയ സങ്കടമായിതീരും. തേയില കൃഷി മലനാടുകളിൽ വന്നതു കൊണ്ടു് ഈ രാജ്യത്തിനു പലതരത്തിലും അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. അങ്ങിനെസഹായിക്കുന്ന വ്യവസായികളെനാടുവിട്ടു ഓടിക്കുന്നതു് ഒട്ടും ശരിയല്ല. വസ്തുക്ക

LIBRARY ARCHIVES Kerala Legislative Assembly

ളെല്ലാം പരശുരാമദത്തമാണെന്നു് ഒരൈതിഹ്യമുണ്ടു്. ഞാൻ ഒരുസനാതനധർമ്മവിശ്വാസിയാണെങ്കിലും ഇതിനെ വിശ്വസിക്കാൻ എനിക്കു നിവൃത്തിയില്ല. പരശുരാമദത്തമായിരുന്നെങ്കിൽ തുലോം യാഥാസ്ഥതിക ബുദ്ധിയുംബ്രാഹ്മണരിൽ അസാമാന്യമായ ഭക്തിയും ഉള്ള നമ്മുടെ മഹാരാജാക്കന്മാരാൽ ഭരിക്കപ്പെട്ടുന്ന ഈ രാജ്യത്തിൽ പണ്ടാരവക ഭൂമി സൂചികുത്താൻ പോലും കാണുമായിരുന്നില്ല.

ഇനി എനിക്കു പറയാനുള്ളതു് സിലക്ട് കമ്മിറ്റിക്കു കൊടുക്കാനുള്ള ചില നിർദ്ദേശങ്ങളാണു്. ജന്മിമാക്കു കൊടുക്കുന്ന അവകാശം ൫ ശതമാനം എന്നു വയ്ക്കണം. ഇപ്പോൾ ൬ ശതമാനം വച്ചിട്ടുണ്ടു്. ൧൦൦ രൂപാ കൊടുക്കേണ്ട ആൾ൧൨ കൊല്ലം കഴിയുമ്പോൾ ൧൪൦ രൂപാ കൊടുക്കുന്നുണ്ടു്. ഇതു കുടിയാനവനു വലിയ നഷ്ടമാണു്. പുരുഷാന്തര പൊളിച്ചെഴുത്തു് ൫൦ കൊല്ലമാക്കണം. ബ്രാഹ്മണർ രാവിലെ എഴുനേറ്റു കുളിച്ചു സ്വയനമസ്കാരം തുടങ്ങിയ കൃത്യങ്ങളെല്ലാം നടത്തി കൊണ്ടിരിക്കുന്നവരാകയാൽ ൬൦ വയസ്സിനു മുമ്പേ മരിക്കുന്നവർ വളരെ ചുരുക്കമാണു്. ആ സ്ഥിതിക്കു ഇപ്പോഴത്തെ ബില്ലനുസരിച്ചു കുറഞ്ഞ പക്ഷം രണ്ടു പൊളിച്ചെഴുത്തു് ഒരു പുരുഷായുസ്സിൽ വേണ്ടിവരും. അതു പോലെ തന്നെ കുടിശവരി ൫ ശതമാനം വച്ചിരിക്കുന്നു. അതിനെ ഒരു ശതമാനമാക്കണം. ൧൨ കൊല്ലത്തിൽ ഒരിക്കൽ കുടിശം നടത്താവുണ്ടെന്നു ജന്മി പ്രതിനിധി പറഞ്ഞു ശരിയായി വിശ്വസിപ്പിക്കുന്ന പക്ഷം അതനുസരിച്ചു കൊടുക്കുന്നതിനു് എനിക്കു വിരോധമില്ല. സാധാരണ കുടിശം നിവൃത്തിയില്ലാതെ വരുന്ന സന്ദർഭങ്ങളിൽ അതായതു് ക്ഷേത്രങ്ങൾ അഴിച്ചു പണികഴിക്കയോ മറേറാ ചെയ്യുമ്പോൾ–മാത്രമേ നടത്താവുള്ളൂ. കാരണം അതു വളരെ ചിലവുള്ള ഒരു സംഗതിയാകയാലാണു്. അതു കൊണ്ടു് സിലക്ട് കമ്മിറ്റി ഇതിനെപ്പറ്റി പ്രത്യേകം ആലോചിക്കണം. എനിക്കു സിലക്ട് കമ്മിറ്റിയിൽ വരാൻ സാധിക്കാതെയിരുന്നാൽ വേണ്ട നിർദ്ദേശങ്ങൾ എഴുതി അയച്ചു സഹായിച്ചുതരാം.

നിലം പുരയിടമാക്കാനോ പുരയിടം നിലമാക്കാനോ അനുവദിക്കരുതു്. പണ്ടാരവക നിലങ്ങൾ തന്നെ നികത്തി പുരയിടമാക്കുന്നതിവിനെ നിർത്തൽ ചെയ്യണം. പുരയിടത്തിൽ നിന്നും കൂടുതൽ ആദായം ലഭിക്കുമായിരിക്കാം. എന്നാൽ അതിനെ മാത്രം നോക്കിയാൽ പോരാ. നാം ആഹാരസാധനങ്ങൾക്കു വേണ്ടി അന്യരാജ്യക്കാരെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ആഹാരസാധനങ്ങൾ



LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

വിളയുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറയ്ക്കാൻപാടില്ല. നമ്മുടെ നാളികേരങ്ങളെ ഭൂമിയിൽ അയച്ചാൽ നല്ല ആദായം കിട്ടുന്നുണ്ടെങ്കിലും അതിലധികം പണം നാം നമ്മുടെ ആഹാരസാധനങ്ങൾക്കു വേണ്ടി അന്യരാജ്യക്കാർക്കു കൊടുക്കേണ്ടി വരുന്നു. അതു കൊണ്ട് നെല്ലുണ്ടാകുന്ന ഭൂമിയെ ഒരിക്കലും പുരയിടമാക്കാൻ അനുവദിക്കരുതു്.

പയറു പാട്ടം എന്നു പറയുന്നുണ്ട്. അതിനെപ്പറ്റി ഇതിൽ വിവരിച്ചിട്ടില്ല. ഈ സംഗതി സിവിൽകോർട്ടിൽ പല തക്കത്തിനും ഇടയായിരിക്കുന്നു. പയറു പാട്ടം എന്ന പദം എഴുതിയിരിക്കുന്ന ഓലയ്ക്കുള്ളു നോക്കുന്ന ആളുകൾ തന്നെ ഇപ്പോൾ വളരെ ചുരുക്കമാണു്, പയറു പാട്ടം എന്നു പറയുന്നതു് ഗവണ്മെൻറു സെറിൽമെൻറിൽ വച്ചിരിക്കുന്ന പാട്ടമല്ലയോഎന്നുള്ള സംശയത്തോടുകൂടി ചില ജഡ്ജിമാർ വിധി കൊടുക്കുന്നുണ്ടു്, അതുകൊണ്ടു് പയറുപാട്ടം എന്നതു് എന്താണെന്നു് ശരിയായി വിവരിക്കണം. പയറുപാട്ടം നൂർ പെരുക്കത്തിനു ഒരു ചക്രം മുതൽ ർ ചക്രം വരെ ഉണ്ടു്. അതിനെ ശരാശരി ചക്രം എന്നാക്കണം.

ജന്മിമാരുടെ വസ്തു അവർ കൈമാറ്റം ചെയ്യുമ്പോൾ ജന്മിക്കരം കൊടുക്കുന്നതിനെപ്പറ്റി വ്യവസ്ഥ ഭേദപ്പെടുത്തേണ്ടിയിരിക്കുന്നു. മിച്ചവാരം കൊടുക്കുന്നതിനു് യാതൊരാക്ഷേപവുമില്ല, പൊളിച്ചെഴുത്തവകാശവും അതു പോലെതന്നെ കൊടുക്കാം. എന്നാൽ ജന്മിക്കരംഅതുപോലെയല്ല. ബ്രാഹ്മണരുടെ ആത്മാഭിമാനത്തെഭംഗിച്ചു് ജന്മിക്കരം ഇതരമതസ്ഥന്മാർക്കു കൊടുക്കേണ്ടിവരുന്നു. ജന്മിക്കരത്തിന്റെ അർത്ഥം മനസ്സിലാക്കിയാൽ ഇപ്രകാരം ചെയ്യാൻ അവർ സമ്മതിക്കയില്ല. ജന്മിക്കരത്തിൽ ചില അംശങ്ങൾ പ്രത്യേകം ഒരു ജാതിക്കുള്ളതാണു്. അല്ലാതെ വസ്തുവിനുള്ളതല്ല.

ഓലപ്പണം, ഒപ്പു സൂചി ഇതൊക്കെ പല ആധാരങ്ങളിലും ഉണ്ടെങ്കിലും ഇപ്പോൾ അവയൊന്നും നടപ്പില്ല. തിരുവിതാംകൂറിന്റെ തെക്കെ അറ്റം മുതൽ വടക്കോട്ടു കൊച്ചീ ശീമവരെയുള്ള ജന്മിമാരുടെസ്ഥിതിയെപ്പറ്റി Co-opted മെമ്പർ പറഞ്ഞതു പരമാർത്ഥമാണു്. ജന്മിമാക്കുടിയാനവനെ ഉപദ്രവിക്കണമെന്നു വിചാരമില്ലെന്നു അദ്ദേഹം പറഞ്ഞു. എന്നാൽ Co-opted മെമ്പറെപ്പോലെയുള്ള സാതിശയജന്മിമാർക്കുടിയാനവന്മാരെ ഉപദ്രവിക്കയില്ല. ആലങ്ങാടു്, പറവൂർ മുതലായ സ്ഥലങ്ങളിൽ കടന്നുചെന്നാൽ ജന്മിമാരുടെ ഉപദ്രവം കാണാം. ൨൫ ശതമാനത്തിൽ ക്രടുതലെന്നുണ്ടെങ്കിലും ൩൦-൦ ൩൫-൦ ശതമാനവും വീതം പൊളിച്ചെഴുത്തവകാശം വാങ്ങിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

വസ്തുക്കളെ കൈമാറ്റം ചെയ്യുമ്പോൾ നോട്ടീസു കൊടുക്കണമെന്നു പറയുന്നുണ്ട്. അതു് കായ്യനടപ്പിനു പറ്റിയതല്ല. അതിനാൽ ആധാരത്തിന്റെ സ്യൂപ്ലിക്കറും രജിസ്റ്റർ ചെയ്തു കൊടുക്കണമെന്നു വ്യവസ്ഥ ചെയ്താൽ നന്നായിരിക്കും.

പിന്നീടു് ആധാരം എഴുതുമ്പോൾ Extent എന്നു മൊത്തത്തിൽ പറഞ്ഞിട്ടുണ്ടു്. അതു് സർവ്വ സമ്പത്തും വിസ്തീർണ്ണവുമാണൊ? അതുപോലെ തന്നെ അളവു്. ഇതിനും പല വ്യത്യാസങ്ങളുണ്ടു്. ഇന്നു പല അളവുകളും ഉണ്ടു്. അഗ്രശാലപറ, കല്ലർക്കാടൻപറ ഇങ്ങനെ ഏതാനും പറകൾഉണ്ടു്. അതിനെ ക്ലിപ്തപ്പെടുത്തി ഒരു സ്റ്റാൻഡേർഡു പറയാക്കണം.

**MR. K. P. NILAKANTA PILLAI** (*Chirayinkil*): സ്റ്റാൻഡേർഡു പറ തിരുവിതാംകൂറിലെ കുടിയാന്മാക്കെല്ലാം സൌകര്യമായിരിക്കുമോ?

**MR. R. RAMAN PILLAI** (*Kottayam*): സൌകര്യം ആയിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അല്ലാതെ ജന്മിക്കു പറ വേറെ, കുടിയാനവന്നു പറ വേറെ എന്നുവയ്ക്കാൻ പാടില്ല.

**MR. MATTHEW MURIKKAN** (*Vaikam*): എല്ലാവക്കും ഒരു പോലെപറ ഉണ്ടാക്കാൻ ഗവണ്മെന്റിനു സാധിക്കുമോ?

**MR. R. RAMAN PILLAI** (*Kottayam*): സാധിക്കും.

**MR. K. P. NILAKANTA PILLAI** (*Chirainkil*) സ്റ്റാൻഡേഡു പറ എതു ഇടങ്ങഴിയാണു?

**MR. R. RAMAN PILLAI** (*Kottayam*): ഇടങ്ങഴി ഏതാണെന്നു പറഞ്ഞാൽ പറയാം. ഈ പറപോലെ ഇടങ്ങഴിക്കും വ്യത്യാസമുണ്ടു്.

**MR. K. P. NILAKANTA PILLAI** (*Chirayinkil.*): കല്ലർക്കാടൻ പറ എതു ഇടങ്ങഴിയാണു?

**MR. R. RAMAN PILLAI** (*Kottayam*): ഇടങ്ങഴി, ഏതാണെന്നു പറയാതെ പറയുക ഇടങ്ങഴി പറയാൻ നിവൃത്തിയില്ല. കുലിഇടങ്ങഴി, നാരായ ഇടങ്ങഴി, അഴിവൻ ഇടങ്ങഴി, കല്ലർക്കാടൻ ഇടങ്ങഴി, ഉദിയന്നേരുക്കു് ഒത്ത ഇടങ്ങഴി ഇങ്ങനെ പല ഇടങ്ങഴികളും ഉണ്ടു്.

അതുകൊണ്ടു് ഏക്കർ, സെന്റു്, പറ ഇവകളെല്ലാം ആധാരത്തിൽ നിർദ്ദേശിക്കണം.

**MR. A. THANU PILLAI** (*Trivandrum*): പറയെ പറ്റി മെമ്പർ പറഞ്ഞുവെല്ലോ. ഓരോ ആധാരങ്ങളിൽ ഇന്ന പറ എന്നു വച്ചുകാണുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*): അതെല്ലാം സക്കാർ പറയാക്കണം.

MR. A. THANU PILLAI (*Trivandrum*): ചോദ്യം അതല്ല. ആധാരങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന പറ ഏതായിരുന്നാലും മുദ്ര പറയ്ക്കുള്ള കണക്ക് ശരിപ്പെടുത്തി എഴുതിയാൽ പോരേ?

MR. R. RAMAN PILLAI (*Kottayam*): കണക്കു ശരിപ്പെടുത്തി എഴുതിയാൽ മതി. അളക്കുന്നതു മുദ്രപ്പറതന്നെയായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഒരു വലിയ പറ വച്ചു മേശപ്പുറത്തു നിന്നതെല്ലിട്ട അളക്കുന്നുണ്ട്. അതിൽ അളവു കൃത്യതൽ ആകും.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ആധാരങ്ങളിൽസ്റ്റാൻഡേർഡ് പറ എന്ന വ്യവസ്ഥ ചെയ്തിരിക്കുമെന്നു മെമ്പർക്കു അറിയാമോ?

MR. R. RAMAN PILLAI (*Kottayam*): ഉണ്ടായിരിക്കാം. എന്നാൽ അളക്കുന്ന പറ മുദ്രവച്ചതായിരിക്കണം.

പാട്ടം, മിച്ചവാരം, കസ്റ്റമറി ഡ്യൂസ്, ഇവ എല്ലാം പ്രത്യേകം പ്രത്യേകം വിവരിച്ചു പറയണമെന്നുവച്ചിട്ടുണ്ട്. പാട്ടവും, മിച്ചവാരവും തിരിച്ചു പറയുകയും, ബാക്കിയുള്ളതു് Other dues എന്നു പറയുകയും ചെയ്താൽ കൊള്ളാം.

പൊളിച്ചെഴുത്തവകാശം (Renewal fees) സംബന്ധിച്ചു് ശാസ്ത്രീയമായി നോക്കിയാൽ അതു കൊടുക്കപ്പെടാൻ പാടുള്ളതല്ല എന്നു പലരും വാദിക്കയുണ്ടായി. എന്നാൽ പഴയകാലത്തു ഇതിന്റെ ഉത്ഭവം എങ്ങനെയാണ് എന്നു് എനിക്കു പഴയ ആളുകളിൽ നിന്നും ചില അറിവുകാംകിട്ടിയിട്ടുണ്ട്. ജന്മിമാരുടെ അടുക്കൽ ചെന്നു് അടുക്കുവതുവച്ചു് ആധാരം പിടിച്ചു കൊണ്ടുവരികയാണു പണ്ടു നടന്നിട്ടുള്ളതു്. അവരുടെ അടുക്കൽപോകുമ്പോൾ കൊണ്ടുചെല്ലേണ്ടതാണ് ഈ അടുക്കുവതു. ആവശ്യം വന്നപ്പോൾ അതിനു തുക നിശ്ചയിച്ചു. ഇതു് അന്യായമായ തുകയാണെങ്കിലും കരാറും കീഴ്നടപ്പും അതിലംഘിക്കുന്നതിനു് യാതൊരു നിവൃത്തിയുമില്ലാത്തതുകൊണ്ടു് ആ തുക കൊടുക്കതന്നെ വേണമെന്നാണ് എന്റെ അഭിപ്രായം.

ഇനി എനിക്കൊരു നിർദ്ദേശമുള്ളതു് ഈ കൌൺസിലിലും ജന്മി മെമ്പറുംസമ്മതിക്കുമെന്നു വിശ്വസിക്കുന്നു. പണ്ടു് സക്കാരിനുചെല്ലേണ്ടതെല്ലു് ഇപ്പോൾ പണമാക്കിയിരിക്കുന്നു. ജന്മിമാരും ഓരോ കൊച്ചു സക്കാർതന്നെയാണ്. അവരുടെ കുടിയാനവന്മാരുടെ രക്ഷയെ അവർ

LIBRARY ARCHIVES Kerala Legislative Assembly

കരുതണം. അതിലേക്ക് ഈ നെല്ലിന് അന്നന്നത്തെ നിരക്കുവിലക്രമത്തിനുള്ള പണം കൊടുത്താൽ മതി എന്നു വ്യവസ്ഥചെയ്യണം. നിരക്കു വിലമേടിക്കണം. ഇതു ജന്മിമാർസമ്മതിച്ചാൽ വലിയരക്ഷയായിരിക്കും.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): നെല്ലിനു നിരക്കു വില വാങ്ങിക്കണമെന്നു പറഞ്ഞുവല്ലൊ. എന്നാൽ ജന്മി പണം കിട്ടിയാൽ മതി എന്നു പറഞ്ഞിട്ടും അതു വേണ്ട നെല്ലു തന്നെ കൊണ്ടുപോകണമെന്നു പറയുന്ന കുടിയാന്മാരും ഉണ്ടെന്നറിയാമോ?

MR. R. RAMAN PILLAI (*Kottayam*): ഉണ്ട്. പണം തരികയില്ല നെല്ലുതന്നെ കൊണ്ടുപോകണമെന്നു പറയുന്ന കുടിയാന്മാരും, പണം വേണ്ടാ നെല്ലുതന്നെ വേണമെന്നു നിർബ്ബന്ധിക്കുന്ന ജന്മിമാരും രണ്ടു കൂട്ടരുമുണ്ട്. എന്നാൽ പണമാകുന്നതാണു രണ്ടുകൂട്ടർക്കും രക്ഷ.

ഇനി അടുത്തതായി എനിക്കു പറയാനുള്ളതു പാട്ടം കുടുന്ന കാലാവധി ൩൦ വർഷമാക്കണമെന്നുള്ളതാണ്. സർക്കാരിൽനിന്നുംതന്നെ കണ്ടെഴുത്തു ൩൦ കൊല്ലത്തിലൊരിക്കലെ നടത്താവൂ എന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ ഏർപ്പാട് ജന്മിമാരും സ്വീകരിക്കുന്ന പക്ഷം അതു ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള ഇരിപ്പിനും വളരെ യോജിച്ചതായിരിക്കും. ഇതിൽ ജന്മിമാക്കു നഷ്ടമുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. ഒരു തെങ്ങു വച്ചാൽ അതിൽ ശരിയായ ആദായം കിട്ടുന്നതിനു് ൫ ൬ കൊല്ലം വേണ്ടിവരും. ഇതിനെ ആലോചിക്കുമ്പോൾ ജന്മിമാരും ഇതിനു വിപരീതം പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

നിലങ്ങളെ സംബന്ധിച്ചിടത്തോളം ശിഷ്ടാദായത്തിന്റെ മൂന്നിലൊന്നായിരിക്കണം ജന്മിപാട്ടം എന്നു പറയുന്നുണ്ട്. ഈ നിലങ്ങളെല്ലാം ഒരിക്കൽ കുറിക്കാടുകളായിരുന്നവയാണ്. അവയെ ഒരു ഓലകഷണത്താൽ കുടിയാന്മാക്കു ജന്മിമാർ കൊടുത്തതാക്കി എന്നല്ലാതെ ജന്മിമാർ അതിൽ ഒന്നും ചെയ്തിട്ടില്ല. കുടിയാനവൻ കാടുകളെയെല്ലാം വൃത്തിയാക്കി നിലമാക്കിയതാണ്. ജന്മിക്കതിൽ ഒരു കാര്യമായിട്ടു ചിലവായിട്ടില്ല. എന്നാൽ പുരയിടത്തിൽ കാണുന്നതുപോലെയുള്ള പ്രയത്നവും പണച്ചിലവും നിലങ്ങളിലാകുമ്പോൾ പ്രത്യക്ഷത്തിൽ കാണാൻ കഴിയുകയില്ല. പ്രയത്നം പുരയിടമായാലും നിലമായാലും ഒന്നുപോലെതന്നെയാണ്. അതിനാൽ നിലങ്ങൾക്കും പുരയിടങ്ങൾക്കെന്നപോലെതന്നെ നാലിൽ ഒന്നാക്കണം ജന്മിപാട്ടം.

MR. K. P. NILAKANTA PILLAI (*Chirayinkil*): കൃഷിച്ചിലവു മുമ്പിലത്തെക്കാൾ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*) : അറിയാം.

MR. K. P. NILAKANTA PILLAI (*Chirayinkil*) : അതുകൊണ്ട് Gross produce—

MR. R. RAMAN PILLAI (*Kottayam*): Gross produce എന്ന് ഈ ബില്ലിൽ ഇല്ലാത്തതുകൊണ്ട് വ്യക്തപ്പെടുത്തി പറയാത്തതാണ്.

മിച്ചവാരം കൂടുതലിൽ നാലിൽ ഒന്നിൽ കൂടുവാൻ പാടില്ല എന്നൊരു ക്ലാസ് കാണുന്നുണ്ട്. ഇതു് സ്പഷ്ടമല്ലാതെയിരിക്കുന്നോ എന്നു സംശയമുണ്ട്. അതുകൊണ്ടു് ശിഷ്ടാദായത്തിന്റെ നാലിൽ ഒന്നിൽ കൂടുതൽ മിച്ചവാരം വയ്ക്കരുതെന്നു് മുൻവാചകത്തിൽതന്നെ കൊടുത്താൽ ഈ തരക്കേടു വരികയില്ല. തേയില, റബ്ബർ, ഇവകൾക്കുള്ള മിച്ചവാരവും പഴയ പയറു പാട്ടത്തിൽ കവിയരുതു്.

ഫ ഒ എ-യിൽ "Any instalment" എന്നുപറയുന്നുണ്ട്. സിവിൽകോർട്ടിലാണെങ്കിൽ ജന്മിക്കു ചെല്ലേണ്ട മിച്ചവാരം കുടിയാനവനു കെട്ടിവയ്ക്കാൻ സൌകര്യം കൊടുത്തിട്ടുണ്ട്. അതുപോലെ റവന്യൂ കോർട്ടിലും പണം കെട്ടി വയ്ക്കുന്നതിനു് അനുവാദം കൊടുക്കണം Any instalment or instalments എന്നാക്കണം.

പിഴ ചുമത്തിയിരിക്കുന്നതും ശരിയല്ല. വസ്തു ഒഴിപ്പിക്കുന്നതിനു് അധികാരം ഉണ്ടായിരുന്നാലും അതു സഹ്യമാണു്. എന്നാൽ ഈ പിഴ അങ്ങിനെയല്ല.

ജന്മി കുടിയാനവനു കൊടുക്കുന്ന പലിശ ഫ ഒ ശതമാനത്തിൽ കുറവേയുള്ളു. അതിൽ കൂടുതലായിട്ടു പലിശ ജന്മിക്കു കൊടുക്കേണ്ട ആവശ്യമില്ല.

ഇനി കാണഉഭയത്തിനു് പലിശ കുറച്ചു് മിച്ചവാരം കൂട്ടാമെന്നു് ഒരു വകുപ്പുണ്ടു്. കാണഉഭയത്തിന്റെ പലിശ ഫ ഒ ശതമാനത്തിൽ കുറവാണെങ്കിൽ അതു കുറച്ചു് മിച്ചവാരം കൂട്ടാൻ പാടില്ല.

കുടിയാനവനിൽ നിന്നും വളരെ കുറഞ്ഞ പലിശയാണു് ജന്മിമാർ ഈടാക്കുന്നതെന്നു് co-opted മെംബർ ഇവിടെ പ്രസ്താവിച്ചു. എന്നാൽ ആയിരമോ പതിനായിരമോ പറനെല്ലു് ശരിയായ ഉറപ്പു തരുന്ന പക്ഷം ഫ ഠ ശതമാനം പലിശയ്ക്കു ഞാൻ മേടിച്ചു കൊടുക്കാം. അതിനു ഇപ്പോൾ ഫ വ ശതമാനം വച്ചിട്ടുണ്ടു്. അതു് ഫ ഒ ശതമാനത്തിൽ ഒട്ടും കവിയരുതു്.

ഇതുയും സംഗതികൾ സിലക്ട് കമ്മിറ്റി പര്യാലോചിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടി ഞാൻ വിരമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*): സർ, ഈ കൌൺസിലിന്റെ ആലോചനയ്ക്കു വിഷയീഭവിച്ചിരിക്കുന്ന ഈ ബിൽ തിരുവിതാംകൂറിലെ പൌരാവലിയുടെ ശ്രദ്ധയെ അകമാനം ആകർഷിച്ചിരിക്കുന്ന ഒന്നാണ്. തിരുവിതാംകൂർ നിവാസികളായ ജന്മിമാരും കുടിയാന്മാരും സൌഹാർദ്ദതയോടുകൂടി കഴിച്ചുകൂട്ടണമെന്നുള്ളതു് രാജ്യക്ഷേമത്തിനു് അത്യാവശ്യമായ ഒരു സംഗതിയാണു്. ഇരുകൂട്ടർക്കും ദോഷമില്ലാത്ത നിലയിലല്ല ഈ ബിൽ തയ്യാറാക്കിയിരിക്കുന്നതെന്നും, ജന്മിമാർക്കു് ഇപ്പോഴത്തെ ബില്ലിൽ പല ഭാഗങ്ങളും ദോഷമായിത്തീർന്നിട്ടുണ്ടെന്നും മി: തുപ്പൻ നമ്പൂതിരി ഇവിടെപ്രസ്താവിക്കയുണ്ടായി. എന്നാൽ ഏതെല്ലാം ഭാഗങ്ങളാണു ദോഷമായിട്ടുള്ളതെന്നു് പ്രത്യേകം പ്രത്യേകം എടുത്തു് അദ്ദേഹം പ്രസ്താവിച്ചുകണ്ടില്ല. നേരെമറിച്ചു് കുടിയാന്മാർക്കു ദോഷമുള്ള ഭാഗങ്ങൾ തന്നെയാണു് ഇപ്പോഴത്തെ ബില്ലിലും ചേർത്തിട്ടുള്ളതെന്നാണു് എന്റെ അഭിപ്രായം. ജന്മിമാർ കാണപ്പാട്ടമായിട്ടും വെറും പാട്ടമായിട്ടും കുടിയാന്മാരുടെ അനുഭവത്തിനവിട്ടുകൊടുത്തിരിക്കുന്ന വസ്തുക്കളെ ... ... ... ... ... ... ... ... ...

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇപ്പോൾ നിലവിലിരിക്കുന്ന റഗുലേഷനനുസരിച്ചു് ജന്മിമാർക്കുണ്ടായിരുന്ന അവകാശങ്ങൾക്കു് ഇപ്പോഴത്തെ ഭേദഗതി ബില്ലനുസരിച്ചു കുറവുണ്ടെന്നു മെംബർ വിശ്വസിക്കുന്നുണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*): വ്യത്യാസമുള്ളതായിട്ടു തോന്നുന്നില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ജന്മിമാർക്കു വല്ലതും കൂടുതൽ കിട്ടുന്നുണ്ടെന്നു തോന്നുന്നുണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*): കൂടുതലായിട്ടുണ്ടു്. ഇപ്പോൾ മിച്ചവാരക്കുടിശിഖയുടെ മൂന്നുവർഷംകഴിഞ്ഞുള്ള ഓരോവർഷത്തേയും പ്രത്യേകം കൂടുതൽ കൂടുതലായ പിഴ നിശ്ചയിച്ചിട്ടുണ്ടു്. അതു് ജന്മിമാർക്കു് കൂടുതൽ ആദായകരമാണെന്നുള്ളതിനു ഒരു തർക്കവുമില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ജന്മിമാരുടെ സകല അവകാശങ്ങളും പോയി എന്നു് ഓർമ്മിക്കുന്നുണ്ടോ?

MR. V. J. OOMMEN (*Commerce and Industry, North*): എല്ലാ അവകാശവും പോയി എന്നു് ഒന്നിനും തോന്നുന്നില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): തടിയുടെ പൂർണ്ണാവകാശം ഇന്നത്തെ നിയമപ്രകാരം ആർക്കാണു്?

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*): കൃഷിക്കാരന്റെ മറ്റനുഭവങ്ങളെ നഷ്ടപ്പെടുത്തിയാണ് വൃക്ഷങ്ങളം സംരക്ഷിച്ചുവരുന്നത്. ഈ കായ്യം ജന്മിമാർ നല്ലവണ്ണം ഓക്കേണ്ടതാണ്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഫാമിലെ റവന്യൂ ലേഷൻ അനുസരിച്ച് ആ വൃക്ഷങ്ങളുടെ അവകാശം ആക്കാണ്?

MR. V. J. OOMMEN (*Commerce and Industry, North*): അതു ജന്മിമാക്കുതന്നെയാണ്.

DEPUTY PRESIDENT: നിങ്ങൾക്കു വല്ലതും ചോദിക്കാനുണ്ടെങ്കിൽ അതു മി: ഉമ്മനോടല്ല ചോദിക്കേണ്ടതു്. പ്രസിഡന്റു മുഖാന്തിരംവേണം ചോദിക്കാൻ.

MR. V. J. OOMMEN (*Commerce and Industry, North*): സർ, മുൻകാലങ്ങളിൽ കുടിയാന്മാരുടെ കൈവശം ധാരാളം വസ്തുക്കൾ ഉണ്ടായിരുന്നു. കരംകൊടുക്കുന്നതിലുള്ള വിഷമംകൊണ്ടും ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ മർദ്ദനനയംകൊണ്ടും കുടിയാന്മാർ അന്നു് സ്വാധീനശക്തിയുള്ള ജന്മിമാരെ അഭയംപ്രാപിച്ചു. അവർ പറയുന്നതുപോലെ ആധാരം എഴുതികൊടുത്തു് വസ്തു ജന്മിമാരുടെ പേരിൽ ആക്കിത്തീർക്കയാണു ചെയ്തിട്ടുള്ളതു്. ഈ സംഗതിതന്നെ പഴമപരിചയമുള്ള ആളുകളിൽ നിന്നും ഞാൻ ധാരാളം കേട്ടിട്ടുണ്ടു്. എന്നാൽ ഓരോ നിലങ്ങളിലും പുരയിടങ്ങളിലും ഇരുപത്തിഅഞ്ചോ അൻപതോ കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന വിളവും ഇന്നത്തെ വിളവുംകൂടി താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം ഇന്നത്തെ ആദായം വളരെ കുറവാണെന്നുള്ളതു് ജന്മി മെമ്പറും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മിച്ചവാരമാകട്ടെ നൂറൊ ഇരുന്നൂറൊ കൊല്ലത്തിനുമുമ്പു് എഴുതികൊടുത്തിട്ടുള്ളതനുസരിച്ചുതന്നെ ഇന്നും കൊടുക്കേണ്ടിയിരിക്കുന്നു. കൃഷിച്ചിലവും അനിതരസാധാരണമായി വർദ്ധിച്ചിരിക്കുന്നു. ഒരു ചക്രം നൂ ചക്രം ഒരു കൂലിക്കാരനുണ്ടായിരുന്നതു് ഇപ്പോൾ ഫൈവ്-ഫിഫ്ത് ചക്രം വരെ കൊടുക്കേണ്ടിയിരിക്കുന്നു.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): സാധനങ്ങളുടെ വിലയും ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടെന്നറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): കൂലിച്ചിലവുപോലെതന്നെ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടില്ല. അതുകൊണ്ടു് മിച്ചവാരം കണക്കാക്കുന്നതു് വിളവിന്റെ മൂന്നിലൊന്നായിരിക്കണമെന്നു വച്ചിരിക്കുന്നതു് ഒരിക്കലും ശരിയല്ല എന്നാണു് എന്റെ അഭി

LIBRARY ARCHIVES Kerala Legislative Assembly

പ്രായം. ഒരുപറ വിത്തിനു ൧൦ മേനിവീതം കിട്ടുന്ന ൧൦൦ പറനിലം പാട്ടത്തിനു കൊടുത്തിരിക്കുന്ന ഒരാളിനു കിട്ടുന്ന ആദായം ൧൦൦൦ പറ നെല്ലാണു. അതിൽ കൃഷിക്കുള്ള ചെലവു് ൪൦൦ പറ നെല്ലു നീക്കി വസ്തുഉടമസ്ഥനു കിട്ടുന്നതു് ൪൦൦ പറ നെല്ലാണു്. അതിൽ ജന്മിക്കു മൂന്നു പാട്ടം, നാലു പാട്ടം കൊടുക്കയുംവേണം. ൪ പാട്ടം ആകുമ്പോൾ ൪൦൦ പറ നെല്ലുവരും. പിന്നെ മിച്ചം വരുന്നതു് ൧൦൦ പറ നെല്ലാണു്. അതിൽനിന്നും കരം നീക്കിയാൽ കിട്ടുന്നതുക എന്താണെന്നു് കണക്കു നോക്കിയാൽ ഒരേക്കർ ഭൂമിപോലും കൂടിയാനവനു ആദായമായി അനുഭവിച്ചുകൊണ്ടുപോകാൻ സാധിക്കയില്ലാ എന്നുകാണാം. അതു തുച്ഛമാണു്. നാലിൽ ഒന്നുതന്നെ കൊടുക്കുന്നതു് പ്രയാസമായിരിക്കുമ്പോൾ മൂന്നിലൊന്നു കൊടുക്കണമെന്നു പറയുന്നതു് വലിയ വിഷമമാണു്. പിന്നീടു് എന്റെ ഒരു മാന്യസ്നേഹിതൻ പറഞ്ഞതുപോലെ വളരെ നാളായിട്ടു് കൈവശംവച്ചു് കൃഷിചെയ്തും താമസിച്ചും വരുന്ന സ്ഥലങ്ങളെ വിട്ടിട്ടുപോകുന്നതിനു വൈമനസ്യംഅതുക്കും ഉണ്ടാകും. അല്ലാത്തപക്ഷം ഈ നിലങ്ങളെല്ലാം ജന്മിമാർതന്നെ തിയ്യു എടുക്കേണ്ടിവരുമായിരുന്നു. മിച്ചവാരം നാലിൽ ഒന്നിൽ കൂടുതൽ ഒരിക്കലും വയ്ക്കരുതു്. കാണഅത്ഥം ഏകദേശം ഒരു അഡ്വാൻസായിട്ടാണു് കരുതേണ്ടതു്. പത്തോ അൻപതോ കൊല്ലത്തിനു മുമ്പു് ഒരു കുടിയാനവൻ ൧൦൦ രൂപായും മറൊരു കുടിയാനവൻ ൪൦൬ രൂപായും കാണാത്ഥം കൊടുത്തിട്ടുണ്ടെങ്കിൽ കൂടുതൽ പണം കൊടുത്ത ആൾ പൊളിച്ചെഴുത്തു സമയത്തു് കൂടുതൽ പിഴ കൊടുക്കണമെന്നാണു് ഇപ്പോഴത്തെ വ്യവസ്ഥ. ൧൦൦ രൂപാ കാണംകൊടുത്ത ആൾ ൨൫ രൂപാ കൊടുത്താൽമതി. ൪൦൦ രൂപാ അഡ്വാൻസ് കൊടുത്തവൻ ൧൭൫ രൂപായും കൊടുക്കണമെന്നു പറയുന്നതു് ഒരിക്കലും സാധാരണ രീതിക്കു യോജിച്ചതല്ല. അതുപോലെതന്നെ പൊളിച്ചെഴുത്തു് എന്നുള്ളതും ൪൦ കൊല്ലത്തിൽ ഒരിക്കലെ പാടൊള്ളു. അതുകൊണ്ടു് അപ്രകാരം ക്ലിപ്തപ്പെടുത്തണം

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): കേവലം അഡ്വാൻസായിട്ടുമാത്രമല്ല അതിലേക്കു് ഒരു സ്ഥിരാവകാശംകൂടിയുണ്ടെന്നു് അറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): മിച്ചവാരം നെല്ലായിട്ടു കൊടുക്കുന്നതുകൊണ്ടു് പല ഉപദ്രവങ്ങളുമുണ്ടു്. വളരെ ദൂരത്തായി താമസിക്കുന്ന ജന്മിമാരും കുടിയാന്മാരുമുണ്ടു്. അവരുടെ വാസ്തു



LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

സ്ഥലങ്ങളിൽ നെല്ലുകൊണ്ടുകൊടുത്തു് രസീതുവാങ്ങിക്ക എന്നുള്ളതു വളരെ വിഷമമാണു്. അതിനാൽ അതാതുസമയം ഗവൺമെൻറിൽനിന്നും നിശ്ചയിക്കുന്ന താരിപ്പുവില അനുസരിച്ചോ അല്ലെങ്കിൽ ഏതെങ്കിലുമായി ഒരു പറ നെല്ലിനു് ഇത്രചക്രമെന്നു ക്ലിപ്തപ്പെടുത്തിയോ പണമായിട്ടു ജന്മിമാക്കു കൊടുക്കണമെന്നു വ്യവസ്ഥചെയ്താൽ ഇരുകൂട്ടർക്കും ഉപദ്രവമില്ല. കൂടാതെ എൻെറ ഒരു സ്നേഹിതൻ പറഞ്ഞതുപോലെ നെല്ലു് അളവു കൊടുക്കുന്നതും വളരെ പ്രയാസമാണു്. ഇതിനു കാരണം ജന്മിമാരുടെ കായ്മസ്ഥന്മാരുടെ സ്വാർത്ഥലാഭേച്ഛയാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഈ മാതിരി അളവു് കച്ചവടക്കാരുടെ ഇടയിലുമില്ലയോ?

MR. V. J. OOMMEN (*Commerce and Industry, North*): ഇവിടെ ജന്മിമാരുടെ കായ്മത്തെപ്പറ്റി മാത്രമാണു് പറയുന്നതു്. അതുകൊണ്ടു് ആ വിഷയംമാത്രം ആലോചിച്ചാൽ മതി. അതുകൊണ്ടു് മിച്ചവാരം പണമായി കൊടുക്കാൻ വേണ്ട വ്യവസ്ഥചെയ്യണം.

കൂടാതെ കസ്റ്റമറിഡ്യൂസ് ഇതുകളൊക്കയും ഒരുകാലത്തു സമ്മതിച്ചു എഴുതികൊടുത്തതുതന്നെയാണു്. എന്നാൽ ഇപ്പോഴത്തെ പരിഷ്കാരത്തിനു് ഓലയും നാരായവുംപോയി കടലാസും പേനായും ആയിരിക്കുന്നതിനാൽ ഇപ്പോഴും ഈ വക ഓലപ്പുണം, ഒപ്പു സൂചി മുതലായ ഇനങ്ങൾക്കു ജന്മിമാക്കുള്ള അവകാശം അവർ സ്വമനസ്സാലെ ഉപേക്ഷിക്കണം. സർവ്വ ആളുകളും പരിഷ്കാരത്തിൽ അഭിരുചി കാണിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് യഥാസ്ഥിതികന്മാരാണു് ജന്മിമാർ എന്നു സാധാരണ പറയുന്നുണ്ടെങ്കിലും അവരിൽ പലരും ഉൽപതിഷ്ണുക്കളായിതീർന്നിരിക്കുന്ന സ്ഥിതിക്കു് കാലാനുസൃതമല്ലാത്ത ഈ കസ്റ്റമറിഡ്യൂസിനെ അവരുംകൂടി സമ്മതിച്ച ബില്ലിൽനിന്നും ആ വകുപ്പുകൾ എടുത്തുകളയണമെന്നാണു് എൻെറ അഭിപ്രായം.

സർ, പലിശയ്ക്കുപുറമെ പെനൽട്ടികൂടി കൊടുക്കണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. ഇതു് അനീതിയാണെന്നു് ഇതിനുമുമ്പു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു.

കുടിയാനവൻെറ പുരയിടങ്ങളിൽ നിൽക്കുന്ന തടിയുടെ അവകാശത്തിൽ മുക്കാൽ ഭാഗം ജന്മിക്കും കാൽ ഭാഗം കുടിയാനവനും ആണെന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. ഇങ്ങനെ ഒരു വ്യവസ്ഥ നടപ്പിൽ വരുന്നപക്ഷം തീച്ചയായിട്ടും കുടിയാനവൻമാർ ഇത്ര മാതിരി വൃക്ഷങ്ങൾ വളർത്തുകയില്ലെന്നു ജന്മിമാക്കു തന്നെ അറിയാം. ഇതു രാജ്യത്തിൻകൂടി ദോഷ-

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു സംഗതിയാണ്. കാൽഭാഗം ജന്മിക്കും മുക്കാൽ ഭാഗം കുടിയാനവനുമായിരിയ്ക്കുന്നതിനു വ്യവസ്ഥ ചെയ്താൽ നന്നായിരിയ്ക്കും. കൃഷിയും മറ്റു ആദായ നഷ്ടവും സഹിച്ചാണ് കുടിയാനവൻമാർ ഈ വൃക്ഷങ്ങൾ വളർത്തുന്നത്. അതിനാൽ തടികളുടെ വിലയിൽ മുക്കാൽ ഭാഗവും കുടിയാനവനു തന്നെ കിട്ടേണ്ടതാണ്.

നിലം നികത്തി പുരയിടമാക്കുന്നതു സംബന്ധമാണെന്നു എന്റെ മാന്യസ്നേഹിതൻ മി. രാമൻപിള്ള പറയുകയുണ്ടായി. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. നദീതീരങ്ങളിലുള്ള വയലുകളിൽ മടവീണാൽ മണ്ണു കയറി അതു നെൽകൃഷിക്കുപയോഗമില്ലാതെ ആയിതീരും. പിന്നീടു അതിനെ നിലമാക്കണമെങ്കിൽ വളരെ പണം ചിലവുചെയ്യണം. അങ്ങിനെ വരുമ്പോൾ ആ നിലങ്ങളിൽ തെങ്ങും തൈ വച്ചു പിടിപ്പിക്കാനെ തരമൊള്ളൂ.

MR. C. N. TUPPAN NAMPUTIRIPAD (*Co-opted*): ഇങ്ങനെയുള്ള സ്ഥലങ്ങളെ പുരയിടമാക്കുന്നതിനു കുടിയാനവനു വലിയ ബുദ്ധിമുട്ടും പണച്ചിലവുമില്ലെന്നു് അറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): നിലം നികത്തുന്നതിനു ധാരാളം പണച്ചിലവുണ്ടു്. എന്നാൽ ഇങ്ങിനെ അവിചാരിതമായുണ്ടാകുന്ന സംഭവങ്ങൾ കൊണ്ടു നിലത്തിൽ മണ്ണു കയറിയാൽ അവയെ വീണ്ടും നിലമാക്കുന്നതിനുള്ള പണച്ചിലവിനെക്കാൾ പുരയിടമാക്കുന്നതിനു കുറച്ചു കുറഞ്ഞിരിക്കും.

ഇതു ജന്മിമാർ സ്വമനസ്സാലെ കുടിയാനവനു സമ്മതിച്ചു കൊടുക്കേണ്ട ഒരു സംഗതിയാണു്. ജന്മിമാക്കു കിട്ടാനുള്ള ആദായം അവക്കു കിട്ടണമെന്നല്ലാതെ വസ്തുക്കളെ കൃഷിക്കാരുടെ ഇഷ്ടം പോലെ നിലമാക്കുന്നതിനോ പുരയിടമാക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യം അവക്കുതന്നെ വിട്ടുകൊടുക്കണം.

ഇനി ചില ദേവസ്വം വസ്തുക്കളുണ്ടു്. ദേവസ്വം പല ഉരാണ്മക്കാരുടെയും അധീനത്തിലായിരിക്കും. അവർ എല്ലാപേരും കൂടി ആലോചിച്ചു ഒരു കായ്യം നടത്തുക എന്നുള്ളതു വളരെ പ്രയാസമുള്ളതാണു്. അതിനാൽ ഉരാണ്മ ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ഭരണം ഗവണ്മെന്റു തന്നെ കയ്യേറ്റു നടത്തണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

**MR. A. THANU PILLAI** (*Trivandrum*): Sir, I was one of the members of the conference that is responsible for the decisions embodied in the Bill that is now placed before this House. The members of that conference who were elected by the non-official members of this House are in a peculiarly difficult situation today. It has been doubted here whether we had any representative capacity whatever when we sat in that conference. It was also emphasised by some of the non-official members that their representatives did not discharge their duty properly. Some members even went to the extent of accusing us of want of human feelings. Sir, all this can easily be explained when we consider the question in a true light. The history of Tenancy Legislation in Travancore gives a clear indication of the state of facts which give rise to such considerable divergence of opinion on this matter. Even though the Bill is drafted in accordance with the decisions arrived at in that conference where there were representatives elected by the non-official members of this Council ostensibly to represent the Kudiyans, and also representatives elected by the Jenmi constituency itself, and the members nominated by Government. the member representing the Jenmi constituency went to the extent of directly opposing the Bill. I was astonished at his attitude. But today I am glad to find that one of my Jenmi friends who sat with us in that conference supports the principle of the Bill.

We need not have any fear that the Jenmies are opposed to this Bill. But the attitude the Jenmi member took shows to what extent the Jenmies are agitated by this question. The same kind of attitude we find in many of the other members on this side of the House. So it is the real feelings that the Jenmies and Kudiyans have in this matter that should account for the divergence of opinion. That shows clearly what a difficult and intricate problem it was that was presented to the conference for its consideration. Even though I was myself a member of that conference, I believe, I shall not be misunderstood when I say that the labours of the conference have not been properly appreciated. I do not for a moment mean to suggest that the conclusions arrived at by us are free from defect, or that they are the very best under the circumstances. But what I have to bring to the notice of this House is that all the members of that conference had one aim in view, namely to arrive at conclusions which can be embodied in the form of a Bill so that this question may be solved in as satisfactory a way as possible. We did not want to break off the conference in any event if we could possibly help it. I would tell this side of the House, especially those members who elected me and another friend of mine to represent the Kudiyans that all the provisions in the Bill were not quite acceptable to us. But we had to agree so that the conference might arrive at decisions that could be embodied in the Bill. That does not mean that the conclusions that we arrived at are final. The trend of discussion in this House itself clearly shows that it is not going to be taken as the final word on the subject even for the time being. The Bill will go before a Select Committee and suitable alterations will be

LIBRARY ARCHIVES Kerala Legislative Assembly

made in the light of the experience of the members that constitute that committee and in the light of the arguments that may be advanced there.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): Was there any demand at the conference for including in this Bill the Jenmi lands enjoyed by Kudiyans under tenure other than Kanapattom?

**MR. A. THANU PILLAI** (*Trivandrum*): There was no such demand.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): Was any demand made by my friend to introduce that subject also?

**MR. A. THANU PILLAI** (*Trivandrum*): Mr. A. G. Menon got leave to introduce a Bill relating to Kanapattom and the Government considered that they would convene a conference of tenants' and Jenmis' representatives and they would themselves introduce a Bill of their own with regard to that subject. So we were asked only to deliberate upon the question of Kanapattom.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): May I know whether there was any terms of reference to the Conference?

**MR. A. THANU PILLAI** (*Trivandrum*): I do not understand what my friend means.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): May I know whether there was any terms of reference by which the scope of enquiry was limited to Kanapattom?

**MR. A. THANU PILLAI** (*Trivandrum*): Anyhow, I understood like that. It was in connection with that subject that the conference was convened and the President at the time when he asked the non-official members of this House to elect two members made an announcement that the question of Kanapattom was to be considered and two members were to be elected.

**MR. MATTHEW MURIKKAN** (*Vaikam*): Does the member mean to say that the conference was convened to consider Mr. A. G. Menon's Bill?

**MR. A. THANU PILLAI** (*Trivandrum*): No.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): Was not the conference summoned to settle the rights of Jenmies and Kudiyans?

**MR. A. THANU PILLAI** (*Trivandrum*): Yes. With reference to the question of Kanapattom; that is how I understood it. I suppose I am quite clear; and even my friend Mr. Asan who took part in the election of the members in accordance with the President's requisition, did not make any statement either to the President or to the House as to what should be the scope of the subject that the conference should deal with.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): Was any opportunity offered to us to make any statement?

**MR. A. THANU PILLAI** (*Trivandrum*): I am merely stating the facts.

LIBRARY ARCHIVES Kerala Legislative Assembly

**MR. S. PIRAVIPERUMAL PILLAI** (*Commerce and Industry, South*): May I know whether those who elected him did give any mandate?

**MR. A. THANU PILLAI** (*Trivandrum*): No.

**MR. R. KESAVA PILLAI** (*Kottarakara cum Kunnattur*): May I know whether there was any disagreement between the members of the Round Table Conference that would have disabled Mr. A. G. Menon from introducing this Bill in the Council?

**MR. A. THANU PILLAI** (*Trivandrum*): If the differences were so great that the members could not come to agreed conclusions the conference would have broken up and Mr. A. G. Menon would probably have itroduced his Bill. The fact is that the question is a very difficult and intricate one. And we know from the history of Tenancy Legislation in Travancore how very difficult the subject is. People have been trying for several years to get the Regulation of 1071 amended. A Committee of enquiry was appointed by Government early in the nineties presided over by one of our eminent judges. That Committee after a very elaborate enquiry submitted a draft Bill. We know the fate of that Bill. The agitation went on. Government drafted a Bill and published it in the Gazette. That was unacceptable to both the Jemies and the Kudiyans. People went on agitating and eventually when the Government found that they could not put off the matter and when they found that Mr. A. G. Menon would introduce his Bill, they convened the conference. The members of the conference were also keen on arriving at some agreed conclusions, so that there might be some solution of the problem. In the nature of the discussions that took place and in the nature of the concessions made on either side we arrived at these conclusions. These conclusions are before this House now and it is for the members to say whether they are acceptable or not. But to throw out the Bill on the ground that there are objections, would be unwise.

**MR. N. K. KRISHNA PILLAI** (*Neyyattinkara*): May I know whether in the drafting of the president Bill in the present form the member was consulted?

**DEPUTY PRESIIDENT**: That question was answered already.

**MR. A. THANU PILLAI** (*Trivandrum*): If my friend wants an answer I will tell him that the understanding was that there would be one more sitting of the conference and the Bill would be considered by the conference before it was introduced into the Council. But we find that the Government, for some reason or other, were not able to get the Bill prepared sufficiently early. So the Conference is not responsible for the form in which the Bill is presented. It is only the Law Member or Government that is responsible for it. Personally, I should think that the form in which it is presented is not as desirable as it could have been. I am of opinion that considering that we have effected changes in most of the Sections of the Regulation, a new Bill embodying all the provisions and repealing the existing Regulation should have been introduced. Why the Law Member chose the course he has adopted is inexplicable. If only one will go through the

LIBRARY ARCHIVES Kerala Legislative Assembly

Clauses one by one, one will find that most of the provisions in the existing Regulation have undergone material alteration. I may say, almost all the provisions have undergone alteration. Yet he would stick to the existing Regulation. Mostly you will find new provisions in place of the existing ones. For Sections 5 to 15 he has substituted new Sections. For Sections 15 to 18 he has substituted new Sections. For Sections 20 to 26 he has substituted new Sections. He has made considerable amendments in Section 27.

**DEPUTY PRESIDENT**: We will take that you are right in your statement.

**MR. A. THANU PILLAI** (*Trivandrum*): In fact it is a new Bill altogether. Why the existing Regulation should have been considered so sacred as not to be repealed I am personally unable to understand. There was also a suggestion that the name of the Regulation should be changed from Jenmi and Kudiyan into the Kanapattom Regulation.

**MR. V. CHELLAM PILLAI** (*Tovala*): May I know from the member why the renewal fees which have to be paid periodically have been made to be paid in annual instalments—the object with which that amendment was made?

**MR. A. THANU PILLAI** (*Trivandrum*): The object with which that amendment is sought to be made is to enable the tenants to pay the dues regularly.

**MR. V. CHELLAM PILLAI** (*Tovala*): Am I to understand that the Kudiyans are in a position to pay it in instalments?

**MR. A THANU PILLAI** (*Trivandrum*): The conference thought that the Kudiyans would be able to pay it up in instalments much easier than if the payment had to be made in a lump. The conference also thought that the Jenmi would be able to realise his dues more regularly and speedily than otherwise. The conclusion therefore was arrived at by them in the interests both of the Jenmi and the Kudiyan.

**MR. V. CHELLAM PILLAI** (*Tovala*): Is it thought that the Kudiyans have enough to lay by now?

**MR. A. THANU PILLAI** (*Trivandrum*): I know the Kudiyans are in a very bad condition, economically and that is why all this trouble has arisen. They are not able to make these payments regularly. Economically they are in a very bad position. If the demands are made after 12 years, naturally the Kudiyan will find it difficult to make the payment. The prudent tenant will pay the dues in annual instalments with this difficulty.

**MR. V. CHELLAM PILLAI** (*Tovala*): Suppose the Kudiyan is not able to make the payment in one year, will it not fall into arrears?

**MR. A. THANU PILLAI** (*Trivandrum*): Certainly it follows. But he should see that he does not become a defaulter.

Sir, I was taken off the track by these questions. One other thing I would bring to the notice of the House is that some of the members who

LIBRARY ARCHIVES Kerala Legislative Assembly

criticised the members of the conference lost sight of the provisions of the Bill that are advantageous to the tenants. We should not ignore what is beneficial and merely look at the provisions that may prove objectionable from the point of view of the tenants.

The existing Regulation contains provisions for evicting the tenant under certain circumstances. The Bill takes away liability to eviction altogether. These are days in which dependence is not liked by any body and the tenants do not like to be dependant on the Jenmies. Both in the interests of the tenant and in the interests of the country as a whole, we ought to see that the cultivator, as has already been suggested here, should have, as far as possible, full proprietory rights over his holding. Under the existing Regulation it may be said that the Jenmi can evict the tenant only under very exceptional circumstances. Still that right exists and this Bill takes away that right altogether. I do not think any tenant will view this as a meaningless provision or a provision that will not advance his position. The truth is that he can look upon his holding as if it were Pandaravagai tenure. He need only pay the dues to the Jenmi regularly. Another provision which materially improves the position of the tenant is that Jenmies are hereafter precluded from entering the holding even for the purpose of felling trees No doubt they are given the right over the value of the now existing timber trees when they are cut down. That is all that is given to the Jenmi. It may be objected that the ratio fixed for dividing the value in respect of existing trees, namely 3 to 1 is objectionable. I can understand there is much force in that. But that is a matter that can be set right in the Select Committee. So far as future timber trees are concerned some assessment is proposed to be made and the Jenmi can claim no portion of their value. How and when that is to be made will come under the consideration of the Select Committee.

Under the Bill, power is reserved for the Government to decide what timber trees should be assessed and how assessment should be made. That is an unwarranted provision put in by the Law Member—I mean unwarranted so far as the conference is concerned. I can tell the House that it was decided that that matter should be dealt with by the conference. My own suggestion was that the assessment if any should be nominal. The provision in the Bill is objectionable. As some kind of compensation to the Jenmies for losing whatever rights they are now said to have over the trees, some light assesment was proposed to be imposed. But the Law Member, in his way of looking at things from the official point of view, has introduced the provision for investing the Government with the power of fixing the assessment. That is a defect which ought to be set right in the Select Committee. And I realise the force of the objection to assessing timber trees. Another provision that is beneficial to tenants relates to the payment of the renewal fees in instalments. That is a proposal that, I already stated, is expected to benefit both the Jenmies and Kudiyans. The tenant is allowed to make any use of his holding, he likes. These are some of the provisions that are calculated to benefit the tenant.

LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): Are there provisions benefiting the Jenmi?

